കേരള സ്റ്റേറ്റ് കർഷക തൊഴിലാളി യൂണി
യന്റെ ഒന്നാം വാർഷിക സമ്മേളനത്തിൽ
സ്റ്റേറ്റ് കമ്മററി സമർപ്പിക്കുന്ന

# പ്രവർത്തന റിപ്പോർട്ട്

PC Library & Research Centre
4012

കേരള സ്റ്റേറ്റ് കർഷക തൊഴിലാളി യൂണിയൻ

## ഒന്നാം വാർഷിക സമ്മേളനം

331.80954

*

1970 മേയ് 5, 6 തിയ്യതികളിൽ

പാലക്കാട്

331.80954

Library & Research Center

## പ്രിയപ്പെട്ട പ്രതിനിധി സഖാക്കളെ,

കേരള കർഷക തൊഴിലാളി യൂണിയന്റെ ഒന്നാം വാർഷിക സമ്മേളനം നാം ആഘോഷിക്കുകയാണ്. നമ്മുടെ സംഘടന രൂപം കൊണ്ടിട്ട് രണ്ടുവർഷം കഴിഞ്ഞിരിക്കുന്നു. നിരവധി സമരങ്ങളുടേയും, പ്രക്ഷോഭങ്ങളുടേയും ഫലമായി ഒരു വർഷം തികഞ്ഞയുടൻ സമ്മേളനം നടത്താൻ നമുക്ക് കഴിഞ്ഞില്ല. 1968 മാർച്ച് 10-ാം തിയ്യതിയാണ് നമ്മുടെ സംഘടന രൂപംകൊണ്ടതു്. ഈ രണ്ടുവർഷം നമ്മുടെ സംഘടനയെ സംബന്ധിച്ചിടത്തോളം നിർണ്ണായകമായ രണ്ടു വർഷങ്ങളായിരുന്നു. പലവിധ ബാലാരിഷ്ടങ്ങളേയും തരണം ചെയ്തുകൊണ്ടാണ് നമ്മുടെ സംഘടന വളർന്നുവന്നതു്. "ആരംഭം തൊട്ടുതന്നെ ഇത്ര ഭീകരമായ മർദ്ദനങ്ങളെ നേരിടേണ്ടിവന്നിട്ടുള്ള മറെറാരു സംഘടന ഉണ്ടാകുമോ എന്നു് സംശയമാണ്. ഈ ചുരുങ്ങിയ കാലയളവിനുള്ളിൽതന്നെ 12 രക്തസാക്ഷികളുടെ ജീവാർപ്പണത്തിന്റെ ഫലമായാണ നമ്മുടെ സംഘടനക്കു് നിലനില്ക്കാൻ കഴിയുന്നതു്. ആ ധീരരായ രക്തസാക്ഷികളുടെ ധീരമായ പാവനസ്മരണക്കു മുമ്പിൽ അഭിവാദ്യങ്ങളർപ്പിക്കുകയും, അവരുയർത്തിപിടിച്ച ആ പാവനമായ ചെങ്കൊടി കൂടുതൽ ഉയർത്തിപിടിക്കുമെന്നും ഏതൊരു ലക്ഷ്യത്തിനുവേണ്ടി അവർ ജീവാർപ്പണം ചെയ്തോ ആ ലക്ഷ്യം പൂർണ്ണമായും നേടിയെടുക്കുന്നതിനു്വേണ്ടിയും അവ ഉറപ്പിക്കുന്നതിനു് വേണ്ടിയും തളരാതെയും അടിപതറാതെയും പ്രവൃത്തിക്കുമെന്നും ആ ധീരന്മാരുടെ പാവനസ്മരണയ്ക്കു് മുമ്പിൽ ആദ്യമായി നമുക്കു് പ്രതിജ്ഞചെയ്യുക.

കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 30 ശതമാനത്തോളം വരുന്ന ഒരു ജനവിഭാഗമാണ് കർഷക തൊഴിലാളികൾ. സമുദായത്തിന്റെ ഏററവും അടിത്തട്ടിൽ കിടക്കുന്നവരും രാവും, പകലുമില്ലാതെ അദ്ധ്വാനിക്കുന്നവരും താരതമ്യേന വിദ്യാഭ്യാസത്തിൽ പിന്നണിയിൽ കിടക്കുന്നവരുമായ ഈ ജനവിഭാഗത്തെ സംഘടിപ്പിക്കുക എന്നതു് ഏററവും ശ്രമകരമായ ഒരു ജോലിയാണെന്നതിൽ സംശയമില്ല.

എന്നാൽ അവർ ഉണൎന്നു കഴിഞ്ഞാൽ നമ്മുടെ വിപ്ലവപ്രസ്ഥാനത്തിന്റെ ഏററവും മുൻപന്തിയിൽ നില്ക്കുന്നവരും ഏററവും ധീരന്മാരുമായ പടയാളികളായിതീരുമെന്നുള്ളതു് തൎക്കമററ സംഗതിയാണു്. കഴിഞ്ഞകാലാനുഭവങ്ങാം അതു് തെളിയിച്ചിട്ടുമുണ്ടു്. തൊഴിലാളിവൎഗ്ഗ വിപ്ലവാചാര്യനായ കാറൽമാൎക്സ് പറഞ്ഞതുപോലെ "അവൎക്കു് നഷ്ടപ്പെടുവാനുള്ളതു് അടിമത്വവും, കൈചങ്ങലയും മാത്രമാണു്. കിട്ടാനുള്ളതു് ഒരു ലോകം മുഴുവനുമാണു്." ഇവരായിരിക്കും സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ നട്ടെല്ലായിതീരുക.

മാൎക്സിന്റെ നിൎവ്വചനം എത്രമാത്രം ശരിയാണെന്നു് ഈ ചുരുങ്ങിയ കാലയളവിനുള്ളിൽതന്നെ അവർ തെളിയിച്ചുകഴിഞ്ഞിട്ടുമുണ്ടു്. എന്നാൽ ഈ വിഭാഗത്തെ മുഴുവൻ സംഘടിപ്പിക്കുവാനും അവരുടെ അവകാശ ബോധത്തെ തട്ടിയുണൎത്താനും നമുക്കു് കഴിയണമെങ്കിൽ ഇനിയും വളരെയധികം പാടുപെടേണ്ടതായിട്ടാണിരിക്കുന്നതു്. നമ്മാം ചരിത്രത്തിൽമാത്രം വായിച്ചറിഞ്ഞിട്ടുള്ള അടിമത്വവും, പ്രാകൃതത്വവും ഇന്നും കേരളത്തിന്റെ ചില ഭാഗങ്ങളിൽ നിലനില്ക്കുന്നുണ്ടു് എന്ന ദുഃഖസത്യം മറച്ചുവെച്ചിട്ടു കാൎയ്യമൊന്നും ഇല്ല. നമ്മുടെ കിഴക്കൻ മലയോരദേശങ്ങളിൽ താമസിക്കുന്ന രണ്ടു ലക്ഷത്തോളംവരുന്ന ആദിവാസികാം അടിമത്വത്തിന്റേയും, അന്ധവിശ്വാസങ്ങളുടെ ചളിക്കുണ്ടിൽ കിടന്നു് വട്ടം കറങ്ങുകയാണു്. കന്നുകാലികളെപ്പോലെ വില്ക്കുകയും, വാങ്ങുകയും ചെയ്യുന്ന സമ്പ്രദായം 22 കൊല്ലത്തെ സ്വതന്ത്ര ഭരണത്തിനുശേഷം കേരളത്തിൽ ഇന്നും നിലനില്ക്കുന്നു എന്ന യാഥാൎത്ഥ്യം പരിഷ്കൃതർ എന്നഭിമാനിക്കുന്ന പല മാന്യന്മാൎക്കും അജ്ഞാതമാണെന്നാണു് തോന്നുന്നതു്. അല്ലെങ്കിൽ അവർ അറിഞ്ഞില്ലെന്നു് നടിക്കുകയാവും. വയനാടൻ മലകളിൽ താമസിക്കുന്ന ആദിവാസികാം കൊല്ലത്തിലൊരിക്കൽ അവിടെയുള്ള വള്ളൂൎക്കാവു് ക്ഷേത്രത്തിൽ നടക്കുന്ന ഉത്സവ ദിവസം കൃഷിക്കാർ അവിടെച്ചെന്നു് അവരെ വിലക്കുവാങ്ങുന്നു. ഒരു ജോഡിയുടെ വില (ഒരു ആണും ഒരു പെണ്ണും) അമ്പതോ, അറുപതോ, രൂപമാത്രമാണു്. അതായതു് കന്നുകാലികാംക്കുള്ള വിലപോലും മനുഷ്യൎക്കില്ലാ എന്നൎത്ഥം.

ക്ഷേത്ര നടയിൽവെച്ച് വില കൊടുത്തു വാങ്ങിയാൽ പിന്നെ ഒരു കൊല്ലത്തേക്ക് വാങ്ങിയ ആളുടെ അടിമയായി അവർ ഇന്നും ജീവിക്കുന്നു. വിലക്ക് വാങ്ങിക്കൊണ്ടു പോകുന്നയാളുകൾ അവർക്ക് കിടക്കുന്നതിന് കന്നുകാലി തൊഴുത്തുപോലുള്ള ഷെഡ്ഡുകളാണ് കെട്ടികൊടുക്കുന്നതു്! കിഴക്ക് "വരവിഴമ്പോൾ പണിക്കിറങ്ങുകയും പടിഞ്ഞാറ് വരവീഴമ്പോൾ പണി നിർത്തുകയും ചെയ്യുന്ന ഇവർക്കു കൊടുക്കുന്നകൂലി വളരെ തുച്ഛമാണ്! ഒരു പുരുഷന് നാലുമാനം നെല്ലു, ഒരുഉണ്ട് പുകയിലയും മാത്രമാണ്. ചില സ്ഥലങ്ങളിൽ നാലണ (25 പൈസ) യും കൊടുക്കും. ഇത്തരം പണിയെടുക്കുന്ന പത്തും, ഇരുപതും ജോടി അടിമകളുള്ള കൃഷിക്കാർ വയനാട്ടിലുണ്ട്! ഒരു കാലത്തു് ആ പ്രദേശത്തുള്ള ഭൂമിയുടെ മുഴവൻ ഉടമസ്ഥന്മാരായിരുന്ന ഇവർക്ക് ഇന്നു് മരിച്ചാൽ മറവുചെയ്യാനുള്ള ആറടി മണ്ണുപോലും സ്വന്തമായിട്ടില്ല. നാട്ടിൽനിന്നുചെന്ന പ്രമാണിമാർഅവരുടെ ഭൂമി മുഴവൻ പല കുരുട്ടുവിദ്യകളും ഉപയോഗിച്ചു് തട്ടിയെടുത്തു. ഇതിനെതിരായ ശക്തിയായ അമർഷം അവരുടെ ഇടയിൽ നിലനില്ക്കുന്നുണ്ടു്.

എന്നാൽ അതു പ്രകടിപ്പിക്കാൻ അവർക്ക് കഴിയുന്നില്ല. അവരെ ഒന്നു് സംഘടിപ്പിച്ചു് ബോധവാന്മാരാക്കിയാൽ ഒരഗ്നിപർവ്വതം പോലെ പൊട്ടിത്തെറിക്കുന്ന നിലയാണവിടെയുള്ളതു്. അതുകൊണ്ടു തന്നെയാണ് പുല്പള്ളി, മാനന്തവാടി പ്രദേശങ്ങളിൽ നക്സൽബാരി വിഭാഗക്കാർ നടത്തുന്ന സമരങ്ങൾക്കു അവരുടെ ശക്തിയായ പിന്തുണ ലഭിക്കുന്നതു്. ഏതവസരം കിട്ടിയാലും ആ അടിമത്വത്തിന്നെതിരായി ശക്തിയായി പൊട്ടിത്തെറിക്കും.

അതുകൊണ്ടുതന്നെ അവരെ നേർവഴിക്ക് നയിക്കുന്നതിനു് അവരെ സംഘടിപ്പിക്കുക എന്നുള്ളതു് വളരെ പ്രധാനമായ ഒരു ജോലിയായി നാം ഏറ്റെടുക്കേണ്ടിയിരിക്കുന്നു. അതിൻെറ പ്രധാന്യം ഇനിയും നാം വേണ്ടത്ര മനസ്സിലാക്കിയിട്ടില്ല എന്നുള്ളതു് വളരെ ഖേദകരമാണ്. നാം അടിയന്തിരമായും ആ പ്രദേശത്തു് ശ്രദ്ധിച്ചേ തീരൂ. കേരളത്തിൽ ഒരിടത്തും അവരെ സംഘടിപ്പിക്കുകയെന്ന ബുദ്ധിമുട്ടേറിയ ആ പണി ഗൗരവപൂർവ്വം നാം ഏറ്റെടുത്തിട്ടില്ല.

അതുപോലെത്തന്നെ കേരളത്തിൽ എല്ലായിടത്തും ചിന്നിച്ചിതറികിടക്കുന്ന കൃഷിക തൊഴിലാളികളേയും, കുടികിടപ്പുകാരേയും മുഴവൻ സംഘടിപ്പിക്കുന്നതിന്ന് നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല കേരളത്തിലെ പത്തു ജില്ലകളിൽ പേരിന്ന് ജില്ലാ കമ്മററികൾ ഉണ്ടെങ്കിലും കൃഷിക തൊഴിലാളി പ്രസ്ഥാനം വളർത്തിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഒരുവിധം നന്നായി പ്രവർത്തിക്കുന്ന സംഘടനകൾ ഉള്ളതു് ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്ട് എന്നീ ജില്ലകളിലാണ്. അതുതന്നെ ജില്ല മുഴവനും വ്യാപിച്ചിട്ടുള്ള സംഘടനകളല്ല. കണ്ണൂർ ജില്ലയിൽ ഈ അടുത്തകാലത്തായി ചില പ്രവർത്തനങ്ങളും, പ്രക്ഷോഭങ്ങളും ആരംഭിച്ചിട്ടുണ്ടെങ്കിലും വളരെ ദുർബ്ബലമായ നിലയിലാണ് ഇന്നും ഉള്ളതു്. കോഴിക്കോട്ട് ജില്ല അതിനേക്കാൾ പിന്നണിയിലാണ്. കൊല്ലം, തിരുവനന്തപുരം, മലപ്പുറം ജില്ലകളിൽ ഒന്നും ഇല്ലെന്നുതന്നെ പറയാം. ഈ പ്രദേശങ്ങളിൽ സംഘടനകൾ ഉണ്ടാക്കാത്തതിന്ന് പല ന്യായീകരണങ്ങളും പറയാമെങ്കിലും ആ വാദങ്ങളൊന്നും ന്യായീകരിക്കാൻ സാദ്ധ്യമല്ല. ചില ജില്ലകളിൽ ഒരൊഴിവുകഴിവായി ചില താത്വിക പ്രശ്നങ്ങൾ ഉന്നയിക്കുന്നുണ്ട്. ഉദാഹരണത്തിന്ന് ആരെല്ലാമാണ് കാർഷിക തൊഴിലാളികൾ? ഏതെങ്കിലും രീതിയിൽ പാട്ടമോ, മിച്ചവാരമോ അതുപോലുള്ള ജന്മിഭോഗങ്ങളോ കൊടുക്കുന്നുണ്ടെങ്കിൽ അവരെല്ലാം കൃഷിക്കാരാണെന്നും അതുകൊണ്ട് അവർ കൃഷിക സംഘത്തിലാണ് ചേരേണ്ടതെന്നും ഉള്ള ഒരു വാദഗതി ഉയർന്നുവന്നിട്ടുണ്ട്. അതുപോലെതന്നെ എത്ര ഭൂമിവരെ കൈവശം വെക്കുന്നവരെ കൃഷിക്കാരായി കണക്കാക്കാം. എന്ന ഒരു ചോദ്യവും ഉന്നയിക്കുന്നു. ഈ രണ്ടു സമീപനവും തെററാണെന്നാണ് ഞങ്ങളുടെ അഭിപ്രായം.

ഒരാൾ കൃഷിക്കാരനാണോ, കൃഷിക തൊഴിലാളിയാണോ, എന്നു് തീരുമാനിക്കേണ്ടതു് അവരുടെ കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണം നോക്കിയോ, അയാൾ കൊടുക്കുന്ന ജന്മിഭോഗത്തിൻെറ സ്വഭാവം നോക്കിയോ അല്ല. അയാൾ ഏതു വിഭാഗത്തിൽപ്പെട്ട ആളാണെന്നു് നിശ്ചയിക്കേണ്ടതു് ആണ്ടോടാണ്ടു് അയാൾക്കു് ജീവിക്കാനുള്ള വരു

മാനത്തിൻെറ ഭൂരിഭാഗവും എങ്ങിനെ ലഭിക്കുന്നു എന്നു് നോക്കിയാണു്. അയാളുടെ കൈവശം എത്രഭൂമി ഉണ്ടായാലും അയാഠം എന്തു ജന്മിഭോഗം കൊടുക്കുന്നുണ്ടെങ്കിലും അയാളുടെ പ്രധാനമായ ജീവിത വരുമാനം മററുള്ളവർക്കുവേണ്ടി കൃഷിക രംഗത്തു്ചെയ്യുന്ന ജോലിയിൽ നിന്നാണെങ്കിൽ അയാഠം കൃഷ്ക തൊഴിലാളിയാണു്. ഇക്കാര്യത്തിൽ സംശയമുണ്ടാകേണ്ട യാതൊരു കാര്യവുമില്ല.

മറെറാരു വാദഗതി കൃഷ്ക തൊഴിലാളികളെ സംഘടിപ്പിച്ച് അവരുടെ അവകാശങ്ങഠംക്കു്വേണ്ടി സമരങ്ങളും, ഏററമുട്ടലുകളും വരുകയാണെങ്കിൽ അതു് നമ്മുടെകൂടെ നില്ക്കുന്ന കൃഷിക്കാരെ അകററികളയാനെ സാധിക്കുയെന്നതാണു്. ഈ വാദം തികച്ചും തെററാണെന്നും അതു് റിവിഷനിസ്റ്റ്ധാരണയാണെന്നും കമ്മ്യൂ: (മാർക്സിസ്റ്റ്) പാർട്ടി വളരെ വ്യക്തമായിപറഞ്ഞിട്ടുണ്ടു്.'കാഷികരംഗത്തെകടമകഠം' എന്ന പ്രമേയത്തിൽ നമ്മുടെ സെൻടൽ കമ്മിററി ഈ കാര്യം വ്യക്തമാക്കിയിട്ടുണ്ടു്.അതിലിങ്ങനെപറയുന്നു: ഭൂമിക്കും'കൂടുതൽനല്ലകൂലിക്കും മററു ജനാധിപത്യപരമായ ആവശ്യങ്ങഠംക്കും നല്ല സേവനവ്യവസ്ഥകഠംക്കുംവേണ്ടി കൃഷ്ക തൊഴിലാളികളെ സംഘടിപ്പിക്കുകയും, നയിക്കുകയും ചെയ്യുന്നതു് കൃഷ്ക പ്രസ്ഥാനത്തെ ക്ഷീണിപ്പിക്കുമെന്ന വാദം തികച്ചും വലതുപക്ഷ അവസരവാദപരമായ ഭീരുത്വമാണു്''
ഇതിൽനിന്നും നമ്മുടെ നയം എന്താണെന്നു് വ്യക്തമാകുന്നുണ്ടു്. ഇനിയും ഇത്തരം വാദങ്ങളുന്നയിച്ചുകൊണ്ടു് കൃഷ്ക തൊഴിലാളികളെ സംഘടിപ്പിക്കാതിരിക്കുകയും ആ സമരങ്ങഠം നയിക്കാതിരിക്കുകയും ചെയ്യുന്നതു് ഒന്നുകിൽ പ്രസ്ഥാനം വളൻവരുന്നതിലുള്ള ഭയം അല്ലെങ്കിൽ സ്വന്തം വർഗ്ഗതാല്പര്യം അപകടത്തിലാകുമെന്ന ഭീതിയുമാണു്. ഇതുരണ്ടും നമുക്കു് യോജിച്ചതല്ലെന്നു് പറയേണ്ടതില്ലല്ലോ.

ആദ്യം പറഞ്ഞ വാദഗതി അതായതു്, കർഷക തൊഴിലാളി സംഘടനയും പ്രക്ഷോഭണവും തുടങ്ങിയാൽ കർഷക പ്രസ്ഥാനം ഭിന്നിച്ചു പോകുമെന്ന ഭയം തെററാണെന്നു് സംഘടിതമായി പ്രക്ഷോഭണം നടത്തിയിട്ടുള്ള സ്ഥലങ്ങളിലെ അനുഭവങ്ങഠം തെളിയിക്കുന്നു

ണ്ട്. കർഷക തൊഴിലാളി പ്രസ്ഥാനം വളരെയധികം ശക്തിപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ കർഷകസംഘങ്ങളും ശക്തിപ്പെട്ടിട്ടുണ്ട്. ഇതിനർത്ഥം ഈരണ്ടു താല്പര്യങ്ങളും തമ്മിൽ വൈരുദ്ധ്യങ്ങളില്ലെന്നല്ല ചിലപ്പോൾ ഏററമുട്ടലുകളും സംഘട്ടനങ്ങളും ഉണ്ടായെന്നുവരും.

ഇതു കഴിയുന്നതും ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്. കർഷക തൊഴിലാളി യൂണിയൻ പ്രവർത്തകന്മാർക്കും, കർഷക തൊഴിലാളികൾക്കും, ദരിദ്രരും, ചെറുകിടക്കാരുമായ കൃഷിക്കാർ നമ്മുടെ സുഹൃത്തുക്കളാണെന്നുള്ള ബോധം ഉണ്ടായിരിക്കേണ്ടതാണ്. അവരുമായി ഒത്തുപോകുന്നതിന് ആവശ്യമായ വിട്ടുവീഴ്ചകൾ ചെയ്യേണ്ടതുണ്ട് ഇതു് ഒരിക്കലും കർഷക തൊഴിലാളികളുടെ താല്പര്യങ്ങളെ ബലികഴിച്ചു കൊണ്ടാകാൻ പാടില്ല. നമ്മൾ രണ്ടുപേരും ഒത്തൊരുമിച്ചുനിന്ന് സമരം ചെയ്താൽമാത്രമേ നാട്ടിൻപുറങ്ങളിലുള്ള നമ്മുടെ വർഗ്ഗശത്രുക്കളേയും, അവരുടെ വൈതാളികന്മാരായ ഭരണകർത്താക്കളെയും, തോല്പിക്കാൻ കഴിയുകയുള്ളൂ.

## സംഘടന

1968വരെ കർഷക തൊഴിലാളികളുടെ പ്രത്യേകമായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പ്രക്ഷോഭണം നടത്തുന്നതിന് കേരള വ്യാപകമായ യാതൊരു സംഘടനയും ഉണ്ടായിരുന്നില്ല. അതുവരെ കർഷക തൊഴിലാളികളെ കർഷക സംഘങ്ങളിലാണ് ചേർത്തിരുന്നതു്. ഇതിൻെറ ഫലമായി കർഷക തൊഴിലാളികളുടെ താല്പര്യങ്ങളും അവകാശങ്ങളുമെല്ലാം കൃഷിക്കാരുടെ അവകാശവാദങ്ങളിൽ മുങ്ങിപോകാറാണ് പതിവ്. എന്നാൽ ചില പ്രദേശങ്ങളിൽ കർഷക തൊഴിലാളികൾ ധാരാളമായി തിങ്ങി താമസിക്കുന്ന പ്രദേശങ്ങളിൽ ചില പ്രാദേശിക സംഘടനകളും താലൂക്ക് സംഘങ്ങളും ഉയർന്നുവന്നിരുന്നു. പലേടങ്ങളിലും അവയ്ക്ക് വ്യക്തമായ സംഘടനാരൂപങ്ങളുണ്ടായിരുന്നില്ല. അപ്പപ്പോൾ ഉയർന്നുവരുന്ന ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ചില പ്രക്ഷോഭണങ്ങളും സമരങ്ങളും നടന്നിരുന്നു. അതുതന്നെ

കർഷക തൊഴിലാളികളിൽ നിന്നും നിർബ്ബന്ധം വരുന്ന സ്ഥലങ്ങളിൽ മാത്രമാണ്. ഈ സ്ഥിതിക്ക് കാരണം കാർഷിക രംഗത്തുള്ള കടമകളെക്കുറിച്ച് നമ്മുടെ പ്രവർത്തകരിൽ ചിലരുടെ ഇടയിലുള്ള തെററായ ചില ധാരണകളായിരുന്നു. കർഷക തൊഴിലാളികളെ പ്രത്യേകമായി സംഘടിപ്പിച്ച് കൂലികൂട്ടലിനും മെച്ചപ്പെട്ട സേവനവ്യവസ്ഥകൾക്കും, ഭൂമിക്കും മററു ജനാധിപത്യപരമായ അവകാശങ്ങൾക്കും വേണ്ടി പ്രക്ഷോപണം നടത്തിയാൽ കർഷക രംഗത്തുള്ള ഐക്യം തകർന്നുപോകുമോയെന്ന ഭയമാണ് കർഷക തൊഴിലാളികൾക്കു പ്രത്യേകം സംഘടന ഉണ്ടാക്കാതിരിക്കുന്നതിനുള്ള ഒരു കാരണം. ഈ ധാരണ തികച്ചും തെററാണെന്നും നാട്ടിൻപുറത്ത് ഏററവും വിപ്ലവകാരികളായവരും സമുദായത്തിൻെറ ഏററവും അടിത്തട്ടിൽ കിടക്കുന്നവരുമായ ഈ വിഭാഗത്തെ സംഘടിപ്പിക്കേണ്ടതത്യാവശ്യമാണെന്ന ബോധം മെല്ലെ മെല്ലെ ഉയരാൻ തുടങ്ങി. ഇതിൻെറ ഫലമായാണ് 1968 മാർച്ച് മാസം 10-ാംനു- ആലപ്പുഴവെച്ച് അങ്ങും,മിങ്ങും ചിന്നിച്ചിതറി കിടന്നിരുന്ന കർഷക തൊഴിലാളി പ്രവൃത്തകന്മാരുടെ ഒരു പ്രതിനിധി സമ്മേളനം ചേർന്നത്. ആ സമ്മേളനത്തിൽവെച്ചാണ് ആദ്യമായി കേരള വ്യാപകമായ ഒരു കമ്മററി രൂപീകരിച്ചത്.

1. വി. എസ്. അച്ചുതാനന്ദൻ എം. എൽ. എ. (പ്രസിഡണ്ട്)
2. സി. വാസുദേവമേനോൻ എം. എൽ. എ. (വൈ:പ്രസിഡണ്ട്)
3. എം. കെ. ജോർജ്ജ് എം. എൽ. എ. ,,
4. എ. വി. ആര്യൻ എം. എൽ എ. (ജനറൽ സെക്രട്ടറി)
5. പി. കെ. കുഞ്ഞച്ചൻ എം. എൽ. എ. (ജോയന്റ് സെക്രട്ടറി)
6. പള്ളിച്ചൽ സദാശിവൻ ,,
7. കെ. പി. ജോസഫ് (ഖജാൻജി)

എന്നിവർ ഔദ്യോഗിക ഭാരവാഹികളായി 21 പേരുള്ള ഒരു സ്റ്റേററ് കമ്മററിയെ തിരഞ്ഞെടുത്തു. ആ കമ്മററികൂടി ആദ്യമായി ചെയ്തതു് സർക്കാരിലേക്കു ഒരു മെമ്മോറാണ്ഡം കൊടുക്കുകയും അതി

ന്റെ അടിസ്ഥാനത്തിൽ അതിലുന്നയിച്ച അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള ഒരു പ്രക്ഷോഭണം ആരംഭിക്കുകയുമാണ് ചെയ്തത്. അതിലുന്നയിച്ചിരുന്ന ആവശ്യങ്ങൾ താഴെ പറയുന്നവയാണ്.

1. നിലവിലുണ്ടായിരുന്ന മിനിമംവേജസ് പുതുക്കി നിശ്ചയിക്കുക. പുരുഷന്മാർക്ക് 7 രൂപായും, സ്ത്രീകൾക്ക് 4 രൂപായുമായി കൂലി വർദ്ധിപ്പിക്കുക.

2. കൊയ്ത്തുപതം കുട്ടനാടൻ പ്രദേശത്ത് ഏഴിനൊന്ന് പതവും, പതത്തിന്റെ നാലിലൊന്ന് തീർപ്പും നിശ്ചയിക്കുക. മററു പ്രദേശങ്ങളിൽ ആറിലൊന്ന് പതമായി നിശ്ചയിക്കുക.

3. തെങ്ങുകയററ തൊഴിലാളികൾക്ക് 100 തെങ്ങിന്ന് 10 രൂപയും 10 നാളികേരവുമായി ഉയർത്തുക.

4. ജോലിസമയം കായൽനിലങ്ങളിൽ 5 മണിക്കൂറും കരനിലങ്ങളിൽ 6 മണിക്കൂറുമായി നിശ്ചയിക്കുക.

5. പുറമ്പോക്ക് ഭൂമികൾ പതിച്ചുകൊടുക്കുമ്പോൾ 75 ശതമാനം കർഷക തൊഴിലാളികൾക്ക് പതിച്ചുകൊടുക്കുക.

6. കുടികിടപ്പുകാർക്ക് സൗകര്യാവകാശങ്ങളോടുകൂടി കുടികിടപ്പുഭൂമികൾ സ്വന്തമായി ലഭിക്കുന്നതിന് നിയമനിർമ്മാണം നടത്തുക. തുടങ്ങിയ ആവശ്യങ്ങളാണ് അതിലുന്നയിച്ചിരുന്നത്.

ഈ മെമ്മോറാണ്ഡത്തിന്റെ അടിസ്ഥാനത്തിൽ നാം നടത്തിയ പ്രക്ഷോഭണങ്ങളുടെ ഫലമായി ഗവമ്മേണ്ട് ഒരു മിനിമംവേജസ് എൻക്വയറി കമ്മററിയെ നിയമിച്ചു. ആ കമ്മററി അന്വേഷണങ്ങൾ നടത്തിയശേഷം അവരുടെ ശുപാർശകൾ ഗവമ്മേണ്ടിലേക്കു സമർപ്പിച്ചു.

ആ ശുപാർശ പ്രകാരം പുരുഷന്മാർക്ക് നാലരരൂപയും സ്ത്രീകൾക്ക് മൂന്നു രൂപയും ചുരുങ്ങിയ കൂലിയായി നിജപ്പെടുത്തി. കൊയ്ത്ത

തിനുശേഷം രണ്ടു കിലോമീറ്ററിലധികം കററച്ചുമപ്പിക്കാൻ പാടില്ലെന്ന വ്യവസ്ഥയും നിലവിൽവന്നു. നൂററ് തെങ്ങ് കയറുന്നതിനു് 10 രൂപയും 8 നാളികേരവും കൂലി നിശ്ചയിച്ചു. പ്രസ്ഥാനത്തിനു് ശക്തിയുള്ള പ്രദേശങ്ങളിൽ ഇതിനേക്കാറം കൂടുതൽ കൂലികിട്ടിവരുന്നുണ്ടു്. പ്രസ്ഥാനത്തിനു് ശക്തികുറഞ്ഞ പ്രദേശങ്ങളിൽ ഈ മിനിമംവേജസ്പോലും നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. ആലപ്പുഴയിൽ പൊതുവെ എട്ടിനൊന്നു് പതവും പതത്തിൻെറ നാലിലൊന്നു് തീർപ്പും ഇപ്പോറം ലഭിക്കുന്നുണ്ടു്. കുട്ടനാട്ടിൽ ഏഴിനൊന്നു് പതവും പതത്തിൻെറ നാലിലൊന്നു് തീർപ്പും ആവശ്യപ്പെട്ടുകൊണ്ടു് സമരം നടത്തിയതിൻെറ ഫലമായി നേരിട്ടുള്ള കൂടിയാലോചനകറംവഴി ഏഴരയ്ക്കൊന്നു് പതവും നാലിലൊന്നു് തീർപ്പുമായി ഒരു നല്ലവിഭാഗം കർഷക മുതലാളിമാരുമായി ഒത്തുതീർപ്പുണ്ടായിട്ടുണ്ടു്. കൂലിയെ സംബന്ധിച്ചേടത്തോളം അപ്പർ കുട്ടനാട്ടു് പ്രദേശങ്ങളിൽ പുരുഷന്മാർക്കു് $5\frac{1}{2}$ രൂപയും സ്ത്രീകറംക്കു് $3\frac{1}{2}$ രൂപയും കൂലി ലഭിക്കുന്നുണ്ടു്. കുട്ടനാട്ടു പ്രദേശത്തു് പുരുഷന്മാർക്കു് $6\frac{1}{2}$ രൂപ മുതൽ 7 രൂപവരെ കൂലിലഭിക്കുന്നുണ്ടു്. സ്ത്രീകറംക്കു് $3\frac{1}{2}$ രൂപയും കൂലി ലഭിക്കുന്നുണ്ടു്. ജോലിസമയം കായൽ നിലങ്ങളിൽ 5 മണിക്കൂറം കരനിലങ്ങളിൽ 6 മണിക്കൂറുമായി ചുരുക്കാനും കഴിഞ്ഞിട്ടുണ്ടു്. തൃശ്ശൂർ ഡിസ്ട്രിക്റ്റിലും നമ്മുടെ പ്രക്ഷോപണത്തിൻെറ ഫലമായും കൂലികൂടുതൽ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടു്. തൃശ്ശൂരിൻെറ ചുററുപാടുമുള്ള പ്രദേശങ്ങളിൽ പുരുഷന്മാർക്കു് 5 രൂപമുതൽ 8 രൂപവരെയും സ്ത്രീകറംക്കു് 3 മുതൽ 4 രൂപവരേയും കൂലിഉയർത്താൻ കഴിഞ്ഞിട്ടുണ്ടു്. പതത്തിൻെറ കാര്യത്തിലാണെങ്കിൽ ഒമ്പതിനൊന്നും, പത്തിനൊന്നും പതംകിട്ടിയിരുന്ന സ്ഥലങ്ങളിൽ ഏഴിനൊന്നു് പതമാക്കാനും, ഏഴിനൊന്നു് പതം കിട്ടിയിരുന്ന സ്ഥലങ്ങളിൽ അഞ്ചിനൊന്നു് പതമാക്കി വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ടു്. എറണാകുളം ജില്ലയിലെ കൂലിതോതു് 3ക. 50 പൈസ സ്ത്രീക്കും പുരുഷനു് 7 രൂപയുമാണു്. ചിലയിടങ്ങളിൽ 9 രൂപവരെ കൂലിലഭിക്കുന്നു. മേൽപറഞ്ഞ കൂലി കൂടുതൽ നേടിയെടുക്കാൻ കഴിഞ്ഞിട്ടുള്ളതു് നമ്മുടെ പ്രസ്ഥാനത്തിനു് ശക്തിയുള്ള

പ്രദേശങ്ങളിൽ മാത്രമാണ്. പ്രസ്ഥാനം താരതമ്യേന ദുർബലമായ സ്ഥലങ്ങളിലും തീരെയില്ലാത്ത പ്രദേശങ്ങളിലും മേൽപറഞ്ഞ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്ഥാനത്തിന്ന് ശക്തിയുള്ള ചില സ്ഥലങ്ങളിലും മിനിമം വേജസ്പോലും ലഭിക്കാത്ത ചില പ്രദേശങ്ങളുണ്ട്. പ്രത്യേകിച്ചും പാലക്കാട്ട്ജില്ല. നിരവധി പ്രക്ഷോപണങ്ങളും, സമരങ്ങളും നടത്തിയതിന്റെ ഫലമായി ഗണ്യമായ തോതിൽ പതവും, കൂലിയും വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും മററു പ്രദേശങ്ങളെ അപേക്ഷിച്ച് പിന്നണിയിലാണ് ഇന്നും പാലക്കാട്ട് ജില്ല. ഇതിന്നർത്ഥം അവിടെയൊന്നും ചെയ്തിട്ടില്ലയെന്നല്ല. കർഷക തൊഴിലാളി പ്രസ്ഥാനം ഉടലെടുക്കുന്നതിനു മുമ്പ് അവിടത്തെ കൂലിതോത് ഊഹിക്കാൻപോലും കഴിയാത്തത്ര താണനിലവാരമായിരുന്നു. സ്ത്രീകൾക്ക് 8ണയും, 12ണയും കൂലിയുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 1½ രൂപയും 1¾ രൂപയുമായി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. പുരുഷന്മാർക്ക് 1 രൂപയും 1½ രൂപയും കിട്ടിയിരുന്ന സ്ഥാനത്ത് 3 രൂപയും 3½ രൂപയുമായി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ തോതനുസരിച്ചുതന്നെ പതത്തിന്റെ കാര്യത്തിലും വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതെല്ലാം തീർച്ചയായും വമ്പിച്ച നേട്ടങ്ങളാണ്. പക്ഷെ ഇതൊന്നും തന്നെ ഗവർമ്മേണ്ട് നിശ്ചയിച്ച മിനിമംവേജസിന്റെ നിലവാരത്തിലേക്കുപോലും ഉയർത്താൻ കഴിഞ്ഞിട്ടില്ലയെന്നതു് ഖേദകരമായ ഒരു വസ്തുതയായി അവശേഷിക്കുന്നു. ഇത്ര ശക്തിയേറിയ ഒരു പ്രസ്ഥാനം ഉണ്ടായിരുന്നിട്ടുപോലും കർഷക തൊഴിലാളികളുടെ കൂലി ഇപ്പോഴും വളരെ താണനിലയിൽ നിൽക്കുന്നതും അവിടത്തെ നേതൃത്വത്തിന്റെ ദൗർബല്യമാണെന്നതു് ഊന്നിപറയാതിരിക്കാൻ നിവൃത്തിയില്ല. ഈ തെററ് അടിയന്തിരമായി തിരുത്തേണ്ടതുണ്ട്. ഇത്ര താഴ്ന്ന കൂലിത്തോത് നിലനിൽക്കുന്നതിന് അവർ പറയുന്ന കാരണങ്ങളൊന്നും തന്നെ ന്യായീകരിക്കത്തക്കതല്ല. പാലക്കാട്ട് മറെറല്ലാ സ്ഥലത്തേക്കാൾ വിളവ് കൂടുതലാണുള്ളതു്. ജലസേചനസൗകര്യങ്ങളുണ്ട്. ഇതെല്ലാമുണ്ടായിട്ടും കൂലിതോത് മററു ജില്ലകളേക്കാൾ താഴ്ന്നു നിൽക്കുന്നതിന്റെ ന്യായങ്ങൾ കണ്ടുപിടി

ക്കാൻ ശ്രമിക്കുന്നതു് ഏററവും മിതമായ ഭാഷയിൽ പറഞ്ഞാൽ തലമറന്നെണ്ണതേക്കലാണു്. ഈ തെററ് അവർ അടിയന്തിരമായി തിരുത്തുമെന്നു് നമുക്കു് പ്രതീക്ഷിക്കുക.

മേൽപറഞ്ഞ ചില ദൗർബ്ബല്യങ്ങൾ ഉണ്ടെങ്കിൽപോലും ഒരു ശിശുവായ നമ്മുടെ പ്രസ്ഥാനം നടത്തിയിട്ടുള്ള സമരങ്ങളും, പ്രക്ഷോഭണങ്ങളും മൂൻ ഉണ്ടാക്കിയിട്ടുള്ള നേട്ടങ്ങളും അഭിമാനകരങ്ങളാണു്. എന്നാൽ ഈ കാലഘട്ടത്തിൽ നടന്നിട്ടുള്ള എല്ലാ സമരങ്ങളേയും എടുത്തുപറയുകയെന്നുവെച്ചാൽ പലേപുസ്തകങ്ങളും എഴുതേണ്ടിവരും. അതുകൊണ്ടു് അവയെല്ലാം ഇവിടെ വിശദീകരിക്കുന്നില്ല.

എന്നാൽ ചില പ്രധാനപ്പെട്ട സമരങ്ങളെ പരമാർശിക്കാതെ പോകുന്നതു് ശരിയായിരിക്കയില്ല എന്നതുകൊണ്ടു് മാത്രം ചിലതിനെക്കുറിച്ചു് മാത്രം സൂചിപ്പിക്കുകയാണു്. കായംകുളം കായൽ ഫാമിൻ തൊഴിലാളികൾ മൂന്നാഴ്ചകാലം നീണ്ടുനിന്നു നടത്തിയ സമരം പലതുകൊണ്ടും പ്രാധാന്യമർഹിക്കുന്നുണ്ടു്. ഐ.എൻ.ടി.യു.സി. വലതു് എന്നീ യൂണിയനുകൾ ആ സമരം പൊളിക്കുന്നതിനുവേണ്ടി പലേ ശ്രമങ്ങളും നടത്തിയിട്ടും അതിനെയെല്ലാം വിജയകരമായി നേരിട്ടുകൊണ്ടും അവകാശങ്ങൾ നേടിയെടുത്തു എന്നുള്ളതു് തികച്ചും ഒരു നേട്ടംതന്നെയാണു്. അതുപോലെതന്നെ കണ്ണമംഗലം വില്ലേജിൽ ഒരു കാവൽകാരനെ പിരിച്ചുവിട്ടതിനെതിരായ സമരത്തിൽ നമ്മുടെ പല സഖാക്കൾക്കും ഭീകരമായ മർദ്ദനങ്ങൾ ഏല്ക്കേണ്ടിവന്നു. ചെങ്ങന്നൂർ താലൂക്കിൽ ടാക്കറിനെതിരായ സമരത്തിൽ പല ഏററുമുട്ടലുകളും നടക്കേണ്ടതായിവന്നു. തിരുവല്ല താലൂക്കിൽ ചാത്തൻകരിയിൽ ഉഴവു് തൊഴിലാളികളുടെ അവകാശതക്കത്തെ തുടന്നു് നടത്തിയ സമരത്തിൽ ആയുധധാരികളായ ഗുണ്ടകളുമായി നമ്മുടെ തൊഴിലാളി സഖാക്കൾക്കേററുമുട്ടേണ്ടതായിവന്നു. ഗുണ്ടകൾ വീടുകൾ വളഞ്ഞപ്പോൾ കർഷക തൊഴിലാളികൾ അഭയം തേടിയ വീടുവളഞ്ഞു് വീടിന്നു് തീവെക്കുകയും, കത്തിനശിച്ചുകൊണ്ടിരുന്ന വീട്ടിൽനിന്നും പുറത്തേക്കുചാടിയ സ്ത്രീകളും, വൃദ്ധന്മാരും അടക്കമുള്ള കർഷ

ക തൊഴിലാളികളെ ഗുണ്ടകൾ അടിച്ചുപരിക്കേൽപ്പിയ്ക്കുകയും വെറും 7 വയസ്സ്മാത്രം പ്രായമായ ഒരു പെൺകുട്ടിയുടെ കണ്ണ് ഈ ഗുണ്ടകൾ കുത്തിപ്പൊട്ടിക്കുകയുംചെയ്തു. വിയപുരത്ത് ഇ. ജോൺജേക്കബ് (എം. എൽ. എ.) യുടെ പാടത്ത് കൊയ്ത്ത് വീട്ടിൽ കൊണ്ടുപോകുന്നതിനു് ശ്രമിച്ചപ്പോൾ അതിനെതിരെ പോലീസും, ഗുണ്ടകളും ചേർന്ന് നടത്തിയ ഗൂഢാലോചനയുടെ ഫലമായി അവിടെ വെടിവെപ്പും, ലാത്തിചാർജ്ജും നടക്കുകയും, ഒരാൾ മരിക്കുകയും ചെയ്യേണ്ടിവന്നു. എന്നിട്ടും ഉറച്ചുനിന്നതിന്റെ ഫലമായി അവകാശങ്ങൾ നേടിയെടുക്കാൻ നമുക്കു കഴിഞ്ഞു. എറണാകുളം ജില്ലയിൽ പറവൂർ താലൂക്കിലും അതിനുതൊട്ടുള്ള തീരപ്രദേശങ്ങളിലും ദീർഘമായ സമരം നടത്തേണ്ടിവന്നെങ്കിലും കർഷകത്തൊഴിലാളികളുടെ ഉറച്ച നിലപാടു മൂലം ശത്രുക്കളെ തോല്പിക്കാനും അവകാശങ്ങൾ നേടിയെടുക്കാനും നമുക്കു കഴിഞ്ഞു. തൃശ്ശൂർ ജില്ലയിൽ അരിമ്പൂർ എന്ന സ്ഥലത്ത് ഒരു കോൺഗ്രസ്സ് പ്രമാണിയും, എം. എൽ. എ. യുമായ എൻ.ഐ. ദേവസ്സിക്കുട്ടിയുടെ കോൾപടവിൽ കൂലി കൂടുതലിനും തൊഴിലവകാശത്തിനുംവേണ്ടി തൊഴിലാളികൾ നടത്തിയ പോരാട്ടത്തിൽ അവരെ സഹായിക്കാനെത്തിയ തൃശ്ശൂരിലെ ചുമട്ടു തൊഴിലാളികളുടെ കൂട്ടത്തിലുണ്ടായിരുന്ന സ: പൊറിഞ്ചുവിന്റെ മരണത്തിനിടയാക്കിയെങ്കിലും തൊഴിലാളികൾക്കു് അവരുടെ ആവശ്യങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞുയെന്നതു്, വളരെ പ്രധാനപ്പെട്ട ഒരു സംഗതിയാണു്. അതുപോലെത്തന്നെ കൊഴുക്കുള്ളി എന്ന സ്ഥലത്ത് കർഷക തൊഴിലാളികളുടെ സംഘടനകൾ പൊളിക്കുന്നതിന് ഗുണ്ടകൾ നടത്തിയ ഏറ്റുമുട്ടലിൽ കർഷക തൊഴിലാളികളെ സഹായിക്കുന്നതിന് തൃശ്ശൂരിലെ ചുമട്ടു തൊഴിലാളികൾ മുന്നോട്ടുവന്നുയെന്നതും തൊഴിലാളിവർഗ്ഗഐക്യത്തിന്റെ ഏററവും നല്ല ഉദാഹരണമാണു്. അതിനു് ചുമട്ടുതൊഴിലാളികൾക്കു പ്രത്യേകമായ അഭിനന്ദനമർഹിക്കുന്നുമുണ്ടു്.

പുല്ലയിൽ കോൾപാടത്തിനു സമീപം മെതിച്ചു് പതം കിട്ടുന്നതിനുവേണ്ടി ഹൈക്കോടതിയുടെ വിധിക്കെതിരെ സമരംനടത്തിവിജയംവരിച്ചു. കാര്യാട്ടുകരയിൽ അഞ്ചിനൊന്നു് പതമ്പ് നടപ്പിൽ വരുത്തുന്നതിനുവേണ്ടിയും ചിറക്കലും കുന്നംകുളത്തും ട്രാക്ടറിനെതിരെ

നടന്നതും തിരുവില്വാമലയിൽ പതമ്പിനും കൂലിക്കും വേണ്ടിയും പുത്തൂരിൽ പതമ്പിനുവേണ്ടിയും ധീരോദത്തമായ സമരങ്ങളിലൂടെ വിജയംവരിച്ചു. അതുപോലെത്തന്നെ പാലക്കാട്ട് ജില്ലയിൽപ്പെട്ട ചിററൂർ താലൂക്കിലും കർഷക തൊഴിലാളികളുടെ കൂലിക്കൂട്ടതലിനു വേണ്ടി നടത്തിയ സമരത്തിൽ നമ്മുടെ പല സഖാക്കാംക്ക് പരിക്കുപററുകയും, ഒരു ഗുണ്ടയുടെ മരണത്തിന്നിടയാക്കുകയും ചെയ്തുവെങ്കിലും ആ സമരം വിജയിപ്പിക്കാൻ നമുക്ക് കഴിഞ്ഞുയെന്നുള്ളതു് തികച്ചും നമ്മുടെ പ്രസ്ഥാനത്തിൻെറ വിജയമാണ്. കോട്ടയം ജില്ലയിൽപ്പെട്ട ചങ്ങനാശ്ശേരിയിൽ വലതു നേതാവായ കല്യാണകൃഷ്ണൻനായർ കൊയ്ത്ത് വീട്ടിൽകൊണ്ടുപോകുന്നതിനുവേണ്ടി കോടതിയുടെ ഉത്തരവുണ്ടായിട്ടും കൊയ്ത്തുകൊണ്ടുപോകാൻ കഴിയാതെ കൊയ്ത്തുപാടത്തുവെച്ചുതന്നെ മെതിക്കുന്നതിനുള്ള അവകാശം സ്ഥാപിക്കാൻ സാധിച്ചതും നമ്മുടെ പ്രസ്ഥാനത്തിൻെറ വമ്പിച്ച നേട്ടമാണ്.

സ: ഇ. എം.എസ്സിൻെറ നേതൃത്വത്തിൽ ഉണ്ടായിരുന്നഐക്യമുന്നണി സക്കാരിൻെറ രാജിക്കുശേഷം അധികാരത്തിൽ വന്ന അച്യുതമേനോൻെറ വഞ്ചക ഭരണത്തിൻകീഴിലാണ് തൊഴിലാളികാംക്ക് ഏററവുമധികം മദ്ദനങ്ങാം നേരിടേണ്ടിവന്നിട്ടുള്ളതെന്ന വസ്തുത ഇവിടെ ചൂണ്ടിക്കാണിക്കാതിരിക്കാൻ നിവ്വാഹമില്ല. സ:ഇ.എം.എസ്സിൻെറ നേതൃത്വത്തിലുണ്ടായിരുന്ന ഐക്യമുന്നണി സക്കാരും, വലതു നേതാവായ അച്യുതമേനോൻെറ സക്കാരും തമ്മിലുള്ള വ്യത്യാസം ഇവിടെ ചൂണ്ടിക്കാണിക്കാതിരിക്കാൻ നിവ്വാഹമില്ല.

ഐക്യമുന്നണി സക്കാരിൻെറ കാലത്താണ് നമ്മുടെ സ്റ്റേററിലെ മിക്ക സ്ഥലങ്ങളിലും കർഷക തൊഴിലാളി പ്രസ്ഥാനം ഒരു ഉശിരൻ പ്രസ്ഥാനമായി വളൎന്നുവന്നതു് എന്ന യാഥാത്ഥ്യം ആ സക്കാരിൻെറ നയം വ്യക്തമാക്കുന്നുണ്ട്. സമുദായത്തിൻെറ ഏററവും അടിത്തട്ടിൽ കിടക്കുന്ന തൊഴിലാളി വഗ്ഗത്തിൻെറ സമരശേഷിയും, സംഘടനയും വളത്തിയെടുക്കുന്ന ഒരു നയമായിരുന്നു ഐക്യമുന്നണി സക്കാരിൻേറതു്. ഇന്നത്തെ മുതലാളിത്വ ഭരണയന്ത്രത്തിൻെറ ചട്ടക്കൂടിനകത്തുനിന്നുകൊണ്ടുതന്നെ കഴിവിൻെറ പരമാവധി അദ്ധ്വാനി

ക്കുന്ന ജനവിഭാഗത്തിൻെറ താല്പര്യങ്ങൾ സംരക്ഷിക്കുകയെന്ന നയമായിരുന്നു അംഗീകരിച്ചിരുന്നതു്. ഇതിൻെറ ഉദാഹരണങ്ങളാണു് കർഷക തൊഴിലാളികളുടെ നേരെ അക്രമത്തിനുമുതിന്ന നിരണം ബേബിയേയും അയാളുടെ ഗുണ്ടകളേയും അറസ്റ്റ് ചെയ്തു് ലോക്കപ്പിലാക്കിയതു്. കുട്ടനാടൻ കായൽരാജാക്കന്മാരുടെ താന്തോന്നിത്തത്തിന്നു് ഏററവും വലിയ ഒരടിയായിരുന്നു ഇതു്. അതുപോലെതന്നെ വിയപുരത്തു് വെടിവെപ്പു് നടത്തിയതിനുത്തരവാദിയായ സർക്കിൾ ഇൻസ്പെക്ടർ ഇറാനിമൂസിനെ സസ്പെൻറ് ചെയ്തതും ഇതിനുദാഹരണമാണു്.

എന്നാൽ അച്ചുതമേനോൻെറ വഞ്ചക സക്കാർ അധികാരത്തിൽ വന്നതിനുശേഷം എവിടെയെവിടെ കർഷക തൊഴിലാളികൾ അവരുടെ അവകാശങ്ങൾക്കുവേണ്ടി സമരംചെയ്തോ അവിടെയെല്ലാം ഭരണയന്ത്രവും, പോലീസും, ഗുണ്ടകളുംചേന്നു് മർദ്ദനങ്ങൾ നടത്തിയതിൻെറ ചരിത്രമാണു് വഞ്ചക സക്കാരിൻെറ ചരിത്രം. കർഷക തൊഴിലാളികളെ മർദ്ദിക്കുന്ന ഗുണ്ടകൾക്കു് പ്രോത്സാഹനം നൽകുകയും പോലീസുകാർക്കു് പ്രമോഷൻ നൽകുകയും ചെയ്യുന്ന നയമാണു് വഞ്ചക സക്കാർ സ്വീകരിച്ചിരിക്കുന്നതു്. ഇതിനു എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ചൂണ്ടിക്കാണിക്കാൻ നമുക്കു കഴിയും. ഈ വഞ്ചക സക്കാർ അധികാരത്തിൽ വന്നതുതന്നെ മേപ്പാടത്തു് സ: കുട്ടിയെന്ന കർഷക തൊഴിലാളി സ്ത്രീയെ ഗുണ്ടകൾ കുത്തികൊലപ്പെടുത്തി അവരുടെ ഹൃദയരക്തം തർപ്പണം ചെയ്തുകൊണ്ടാണു്. അന്നു തൊട്ടു് കുട്ടനാടൻ പ്രദേശത്തു് കർഷക തൊഴിലാളി വഞ്ചകനായ ഈ ജോൺജേക്കബ്ബ് എം. എൽ. എ. അയാളുടെ താണ്ഡവനൃത്തമാരംഭിച്ചു. ചങ്ങനാശ്ശേരിയിലെ പറാൽ എന്ന സ്ഥലത്തു് 97 കർഷക തൊഴിലാളി കുടുംബങ്ങൾ ഗുണ്ടകൾ തീവെച്ചു നശിപ്പിച്ചു. ഇതു് പോലീസിൻെറ സാന്നിദ്ധ്യത്തിലാണു് നടന്നതു്. എന്നിട്ടുപോലും അറസ്റ്റുചെയ്യു കേസ്സെടുത്തില്ല. അതേയവസരത്തിൽ അവരെ സഹായിക്കാൻചെന്ന കർഷക തൊഴിലാളികളെ ആട്ടിയോടിക്കുകയാണു് പോലീസ് ചെയ്തതു്.

ഇതുപോലെതന്നെ കുട്ടനാട്ടിൽ വ്യാപകമായി പോലീസും, ഗുണ്ടകളും, ഭൂഉടമകളുംചേർന്ന് തൊഴിലാളികൾ നിരവധി സമരങ്ങളിലൂടെ നേടിയെടുത്ത തൊഴിലവകാശങ്ങൾ നിഷേധിക്കുവാനും, അടിച്ചമർത്താനും തുടങ്ങിയതിനെതിരായി ന്യായവില കൊടുത്തും നേടുകയെന്ന ഉറച്ച പ്രഖ്യാപനത്തോടുകൂടി മുന്നോട്ടുനീങ്ങിയ അവസരത്തിൽ നടന്ന പോരാട്ടങ്ങളിലൊന്നാണ് ചെറുകായൽ സമരം. ഇന്ത്യൻ റിപ്പബ്ലിക്ക് ദിനമായ ജനുവരി 26 കർഷക തൊഴിലാളികളുടെ സമരത്തിൽ രക്തലിപികളാൽ രേഖപ്പെടുത്തേണ്ട ഒരു ദിവസമായി തീർന്നിരിക്കയാണ്. പാടങ്ങളുടെ പരിസരപ്രദേശത്തുള്ള തൊഴിലാളികൾക്കു തൊഴിൽ നിഷേധിക്കുന്നതിനും കർഷക തൊഴിലാളി യൂണിയൻ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ നിഷേധിക്കുന്നതിനും വേണ്ടി ജോസഫ് മാത്യു, ജോസഫ് വർഗ്ഗീസ് എന്നിവർ ഒരു വലിയ സംഘം സി. ആർ. പി. ഉൾപ്പെടെയുള്ള സായുധപോലീസും പോലീസുദ്യോഗസ്ഥന്മാരും ചേർന്നുകൊണ്ട് കാർഷിക തൊഴിലാളികളുടെ മേൽ ചാടിവീണു. ഇവരുടെകൂടെ 300 ഓളം കരിങ്കാലി ഗുണ്ടകളും ഉണ്ടായിരുന്നു. ഇവരെല്ലാംകൂടി കൊയ്ത്തിന് ചെന്ന 50 ഓളം കർഷക തൊഴിലാളികളുടെ മേൽ ചാടിവീണു. ഈ അവസരത്തിൽ തങ്ങളുടെ അവകാശങ്ങൾ 'നിഷേധിക്കുന്നതു് കണ്ടുകൊണ്ടുനില്ക്കാൽ തയ്യാറില്ലാത്ത 5000ത്തോളം കർഷക തൊഴിലാളികൾ ആവേശകരമായ രീതിയിൽ മുന്നോട്ടുനീങ്ങി. ഈ വരവു കണ്ടതോടെ പോലീസും, കരിങ്കാലികളും അമ്പരന്നോടി. അവർ കരയ്ക്കുകയറി വെടിയുണ്ടകൾ വർഷിക്കാൻ തുടങ്ങി. ആ സ്ഥലത്തുവെച്ചാണ് സ: സഹദേവൻ രക്തസാക്ഷിയായതു്. മറെറാരു കളത്തിൽ ജോലിചെയ്തുകൊണ്ടിരുന്ന വെറും 14 വയസ്സുമാത്രം പ്രായമായ രാമചന്ദ്രൻ എന്ന കുട്ടിക്കും വെടിയേററു.

ഇതിന്റെ പട്ടിക ഇനിയും നീട്ടുന്നില്ല. ഇതുപോലെയുള്ള നിരവധി സമരങ്ങൾ ഈ കാലഘട്ടത്തിൽ നടന്നിട്ടുണ്ട്. അവയെല്ലാം ഇവിടെ പകർത്തുകയെന്നതു് സമയക്കുറവുമൂലം സാധിക്കാതെ വന്നിരിക്കയാണ്. ഇത്തരം സംഭവങ്ങളെ തടയുന്നതിനുവേണ്ടി

കേരളത്തിലെല്ലാ പ്രദേശങ്ങളിലും, കർഷകരും കർഷകത്തൊഴിലാളികളും യോജിച്ച് രംഗത്തിറങ്ങി.

## കാർഷികപരിഷ്കാരനിയമങ്ങൾ നടപ്പിൽ വരുത്തുന്നതിനുവേണ്ടി നടന്ന പ്രക്ഷോഭണങ്ങളും സമരങ്ങളും

ഐക്യമുന്നണി സർക്കാർ അവതരിപ്പിച്ച് പാസാക്കിയെടുത്ത കേരള ഭൂപരിഷ്കാര (ഭേദഗതി) നിയമം പൊളിക്കുന്നതിനുവേണ്ടിയാണ് ഭൂപ്രഭുക്കന്മാരും സ്ഥാപിതതാല്പര്യക്കാരും വലതു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ഐക്യമുന്നണി മന്ത്രിസഭക്കെതിരായി ഗൂഢാലോചന നടത്തിയതു്. ആ ഗൂഢാലോചനയുടെ ജാരസന്തതിയാണ് അച്ചുതമേനോൻെറ വഞ്ചകസർക്കാർ.

അവർ അധികാരത്തിൽ വന്നതിൻെറ തന്നെ ലക്ഷ്യം കാർഷിക നിയമത്തെ പൊളിക്കുകയായിരുന്നു. ഇതു മുമ്പുതന്നെ കർഷക തൊഴിലാളികൾക്കറിയാമായിരുന്നു. ഐക്യമുന്നണി സർക്കാർതന്നെ അധികാരത്തിൽ ഇരുന്നാൽപോലും കാർഷിക പരിഷ്കാരനിയമം നടപ്പിൽവരുത്തണമെങ്കിൽ ആ നിയമം കൊണ്ടാവശ്യമുള്ളവരുടെ ഉഗ്രമായ പോരാട്ടത്തിൽ മാത്രമെ സാധിക്കുകയുള്ളയെന്ന് കാർഷിക തൊഴിലാളികൾക്കും കൃഷിക്കാർക്കും അവരുടെ നേതൃത്വം വഹിക്കുന്ന കമ്മ്യൂ: (മാർക്സിസ്റ്റ്) പാർട്ടിക്കും നല്ലപോലെ അറിയാമായിരുന്നു. അതുകൊണ്ടുതന്നെയാണ് ഐക്യമുന്നണിഗവർമ്മേണ്ട് അധികാരത്തിലുള്ള അവസരത്തിൽതന്നെ കേരള കർഷക സംഘവും, കേരള കർഷക തൊഴിലാളി യൂണിയനും, കമ്മ്യൂ:മാർക്സിസ്റ്റ്പാർട്ടിയും ചേർന്നുകൊണ്ട് സമരത്തിന്നാഹ്വാനം ചെയ്തതു് 1969 ആഗസ്റ്റ് 3-ാംനു-യാണ്. - കേരള കർഷക സംഘം പ്രസിഡണ്ട് സ: ചാത്തുണ്ണി മാസ്റ്റർ തിരുവനന്തപുരത്ത് വിളിച്ചുകൂട്ടിയ പത്രസമ്മേളനത്തിൽ ഭൂപരിഷ്കാര ഭേദഗതി നിയമം നടപ്പിൽ വരുത്തുന്നതിനുവേണ്ടി സമരത്തിന്നു തയ്യാറാകാൻ കേരളത്തിലെ കൃഷിക്കാരോടും, കർഷക തൊഴിലാളികളോടും ആഹ്വാനം ചെയ്തു. ഇതിൻെറ ഭാഗമായാണ് 1969 നവമ്പർ 27-ാംനു- കേരളത്തിൻെറ മൂന്നു ഭാഗത്തുനിന്നുമായി മൂന്നു പ്രചരണജാഥകൾ പുറപ്പെട്ടതു്.

1. വടക്ക് മഞ്ചേശ്വരത്തുനിന്നും

2. കിഴക്ക് കേരളത്തിന്റെ അതിർത്തിയായ അട്ടപ്പാടിയിലെ ആനക്കട്ടിയിൽനിന്നും

3. കേരളത്തിന്റെ തെക്കെ അററമായ പാറശാലയിൽനിന്നുമാണ് ഈ ജാഥകൾ പുറപ്പെട്ടത്.

ഈ മൂന്നു ജാഥകളും കേരളത്തിലെ മുഴുവൻ ഗ്രാമപ്രദേശങ്ങളും ചുററിസഞ്ചരിക്കുന്നതിനും ലക്ഷകണക്കായ ബഹുജനങ്ങളോട് സമരത്തിന് തയ്യാറാകാൻ ആഹ്വാനം ചെയ്തുകൊണ്ട് നടത്തിയ ജൈത്രയാത്ര ഒരു ചരിത്രസംഭവം തന്നെയായിരുന്നു. ആ ജാഥ കേരളത്തിലെ ഗ്രാമപ്രദേശങ്ങളെ കുത്തിയിളക്കികൊണ്ട് 1969 ഡിസംബർ 12_ാംനു- ആലപ്പുഴ പട്ടണത്തിൽ എത്തിച്ചേർന്നു. ഡിസംബർ 13, 14 തിയ്യതികളിൽ പുന്നപ്ര വയലാറിൽ രക്തസാക്ഷികളുടെ നാടായ ആലപ്പുഴ പട്ടണത്തിൽ ചേർന്ന മഹാ സമ്മേളനം കേരള ചരിത്രത്തിന്റെതന്നെ ഒരു വഴിത്തിരിവായിരുന്നു. ഇത്തരം ഒരു ജാഥയും സമ്മേളനവും നടത്തുന്നതിന് മേൽപറഞ്ഞ സംഘടനകളെ പ്രേരിപ്പിച്ചതു ഭരണാധികാരിവർഗ്ഗവും, സ്ഥാപിതതാല്പര്യക്കാരും, ചൂഷകവർഗ്ഗത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിന് ഏതു ഗവമ്മേണ്ട് നിലവിലിരുന്നാലും ഉഗ്രമായ ഒരു പോരാട്ടത്തിനു് തയ്യാറാകുമെന്നു് അറിയാമായിരുന്നതു തന്നെതാണ്. അതു് വർഗ്ഗസമരത്തിന്റെ നിയമവുമാണ്. ചൂഷകവർഗ്ഗം എത്രമാത്രം ഒററപ്പെടുന്നുവോ അത്രമാത്രം അവർ ഉഗ്രരൂപം കൈകൊള്ളുമെന്നുള്ളതു് തൊഴിലാളിവർഗ്ഗതത്വശാസ്ത്രം നമ്മെ പഠിപ്പിക്കുന്നുമുണ്ട്. അവരുടെ നിലനില്പിന്നും ചൂഷണത്തിന്നും കോട്ടം തട്ടുമ്പോഴെല്ലാം ജനാധിപത്യത്തിന്റെ എല്ലാ മറകളും വലിച്ചുകീറികൊണ്ട് നശിക്കാൻ പോകുന്നവർഗ്ഗം അതിന്റെ നഗ്നരൂപം പുറത്തുകാട്ടുമെന്നുള്ളതു് ഒരു ചരിത്രയാഥാർത്ഥ്യം മാത്രമാണ്. ഈ.എം.എസ്സ് ഗവമ്മേണ്ട് അധികാരത്തിലിരിക്കുമ്പോൾതന്നെ ഒരു സമരത്തിന്നാഹ്വാനം നൽകിയതു്.

## ആലപ്പുഴ പ്രഖ്യാപനവും അതിനുശേഷവും

1969 ഡിസംബർ 13, 14 തിയ്യതികളിൽ ആലപ്പുഴവെച്ച് കൂടിയ കൃഷിക്കാർ കർഷക തൊഴിലാളി സംയുക്ത സമ്മേളനം അംഗീകരിച്ച തീരുമാനങ്ങൾ കേരളത്തിന്റെ ചരിത്രത്തിൽ ഒരു വ്യക്തമായ വഴിത്തിരിവിനെയാണ് കുറിക്കുന്നത്. നൂററാണ്ടുകളായി നിലനിന്നിരുന്ന നാടുവാഴി വ്യവസ്ഥയും ഭൂഉടമ സമ്പ്രദായവും അവസാനിപ്പിക്കുന്നതിനുവേണ്ടി നിയമപരമായ നടപടികൾക്ക് കാത്തുനില്ക്കാതെ മണ്ണിന്റെ യഥാർത്ഥ അവകാശികളായ കൃഷിക്കാരും, കർഷക തൊഴിലാളികളും അവരുടെ സ്വന്തം വർഗ്ഗത്തിന്റെ ശക്തികൊണ്ട് പിടിച്ചെടുക്കണമെന്ന പ്രഖ്യാപനമാണ് ആലപ്പുഴവെച്ച് നടന്നത്.

കുടികിടപ്പുകാർ അവരുടെ കുടികിടപ്പിനു ചുററുമുള്ള 10 സെൻറ് ഭൂമി സ്വന്തമായി വളച്ചുകെട്ടി അതിലെ അനുഭവങ്ങൾ അവരുടെ ആവശ്യത്തിനു എടുക്കണമെന്നും തീരുമാനിച്ചു. അതുപോലെ തന്നെ മണ്ണിൽ വിത്തിറക്കി അദ്ധ്വാനിച്ചുണ്ടാക്കുന്ന വിളവ് മററാരുടേയും മുന്നിൽ കാഴ്ചവെക്കാതെ അവന്റെ സ്വന്തമായ ഉപയോഗത്തിനു് എടുക്കണമെന്നും അദ്ധ്വാനിക്കുന്നവനു് അവന്റെ അദ്ധ്വാനഫലം അനുഭവിക്കാനുള്ള അവകാശം ഉണ്ടെന്നും ആ സമ്മേളനം പ്രഖ്യാപിച്ചു. അതുപോലെതന്നെ പലവിധത്തിലും സമ്പാദിച്ചതും എന്നാൽ മണ്ണിൽ സ്വന്തമായി പണിയെടുക്കാതെ മററുള്ളവരുടെ അദ്ധ്വാനത്തെ തട്ടിതിന്നു ജീവിക്കുന്ന ചൂഷകവർഗ്ഗത്തിനു് ഭൂമിയുടെ ഉടമാവകാശം ആവശ്യപ്പെടാനർഹതയില്ലെന്നും അതുകൊണ്ടു് മിച്ചമുള്ള ഭൂമികൾ അതായതു് ഒരു കുടുംബത്തിന്നാവശ്യമായ 20 ഏക്കറയിൽ കവിഞ്ഞ മിച്ചഭൂമി, ഭൂമിയില്ലാത്തവരും എന്നാൽ മണ്ണിൽ പണിയെടുക്കുന്നവരുമായ കർഷക–കർഷക തൊഴിലാളികൾ പിടിച്ചെടുക്കുമെന്നു് പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനം കേരളത്തിൽ വർഗ്ഗസമരത്തിന്റെ വിത്തുപാകുകയാണു് ചെയ്തതു്. ആ പ്രഖ്യാപനത്തെ തുടന്നു് നടന്ന ഉശിരൻ പ്രകടനവും പൊതുയോഗവും ഒരു പുത്തൻ യുഗത്തിന്റെ പിറവിയെ

ണ്ടു് വിളിച്ചറിയിച്ചതു്. അതു് സ്ഥാപിതതാല്പര്യക്കാരേയും, ചൂഷകവർഗ്ഗങ്ങളെ ആകെത്തന്നെയും, അവരുടെ ഭരണയന്ത്രത്തേയും കിടിലംകൊള്ളിച്ചു. ഉറങ്ങിക്കിടന്നിരുന്ന ഒരു കൂററൻ സിംഹം സടകുടഞ്ഞെഴുന്നേററ പ്രതീതിയാണു് ആ മഹാപ്രകടനം ജനങ്ങളിലുളവാക്കിയതു്. ആ സമ്മേളനത്തിനു മുൻപു് നടന്ന 3 ജാഥകളും അതു് നാട്ടിൻപുറങ്ങളിലുളവാക്കിയ പ്രതികരണങ്ങളും എന്തായിരുന്നു എന്നുള്ളതിൻെറ പ്രകടനമായിരുന്നു ആലപ്പുഴയെ പിടിച്ചുകുലുക്കിയ ആ മഹാസംഭവം. അതുകൊണ്ടാണു് ആ പ്രഖ്യാപനം കഴിഞ്ഞു് മൂന്നാം ദിവസം കഴിഞ്ഞപ്പോഴേക്കും കേരള നിയമസഭ പാസ്സാക്കിയ കേരള ഭൂപരിഷ്കാര (ഭേദഗതി) നിയമം പ്രസിഡണ്ടു് ഒപ്പുവെച്ചു് നിയമമാക്കിയതു്. ഇതിനു മുമ്പൊരിക്കലും ഒരു നിയമത്തിന്നും ഇത്രപെട്ടെന്നു് കേന്ദ്രത്തിൻെറ അനുമതി ലഭിക്കുകയെന്നുള്ളതു് ഉണ്ടായിട്ടില്ലയെന്നതു് തർക്കമററ സംഗതിയാണു്.

ആലപ്പുഴ സമ്മേളനം അതിൻെറ പ്രഖ്യാപനം നടപ്പിൽ വരുത്തുവാൻ തീരുമാനിച്ച ദിവസം പുതുവർഷപ്പിറവിയായ 1970 ജനുവരി 1_ാംനു- മുതലാണു്. ആ 1_ാംനു-തന്നെ പ്രസ്തുത നിയമം മുഴുവനുമായി നടപ്പിൽ വന്നതായി ഗവർമ്മേണ്ടു് പ്രഖ്യാപിക്കുകയുംചെയ്തു. ഇതു് അച്ചുതമേനോൻ സർക്കാരിൻെറ സംഭാവനയോ, സൗജന്യമോ അല്ല. കേരളത്തിലെ കർഷക തൊഴിലാളി വിഭാഗങ്ങളുടെ സമരശേഷിയുടെ ഒരു വിജയമായിരുന്നു.

എന്നാൽ ഈ നേട്ടത്തെ ചോരയിൽ മുക്കികൊല്ലാൻ തന്നെ കേരളത്തിലെ മാത്രമല്ല ഇൻഡ്യയിൽ ആകെയുള്ള സ്ഥാപിതതാല്പര്യക്കാരും, പിന്തിരിപ്പന്മാരും അവരുടെ ഏജൻറുമാരുമായ വലതു കമ്മ്യൂണിസ്റ്റുകാരും, റവലൂഷനറി സോഷ്യലിസ്റ്റുകാരും, ഐ.എസ്സ്.പി.ക്കാരും, കേരള കോൺഗ്രസ്സുകാരും തീരുമാനിച്ചു. അങ്ങിനെ കേരളത്തിൽ പുരോഗമന ശക്തികൾ ഒരു വശത്തും, പിൻതിരിപ്പൻ ശക്തികളും, അവരുടെ ആയുധങ്ങളും മറുവശത്തുമായി അണിനിരന്നു. ഉരുക്കും മനുഷ്യമാംസവും തമ്മിലുള്ള ഒരേററുമുട്ടലാണു് പിന്നീടു് കേരളത്തിൽ

കണ്ടതു്. ഒരുവശത്തു് സ്ഥാപിതതാല്പര്യക്കാരും, അവരുടെ ആയുധധാരികളായ ഗുണ്ടകളും ഭരണയന്ത്രത്തിൻെറ ഭാഗങ്ങളായ സായുധപോലീസ്സും, കോടതികളും അദ്ധ്വാനിച്ചു് കൈതഴമ്പിച്ചവരും, നിരായുധരും എന്നാൽ ഉറച്ച മനക്കരുത്തുള്ളവരുമായ മനുഷ്യർ മറുവശത്തുമായി നടന്ന പോരാട്ടമാണു് കേരളം ദർശിച്ചതു്. ഈ പോരാട്ടത്തിൽ ആലപ്പുഴ ജില്ല, എറണാകുളം ജില്ല, തൃശ്ശൂർ ജില്ല, കോട്ടയം ജില്ല എന്നീ അഞ്ചു ജില്ലകളുമാണു് മുന്നണിയിൽ നിന്നതു്. ഇതിൽ ആലപ്പുഴ ജില്ലയിൽ മാത്രം ഇരുപത്തയ്യായിരത്തിലധികം കുടികിടപ്പുകാർ ആലപ്പുഴ പ്രഖ്യാപനം നടപ്പിൽവരുത്തി. അതുപോലെതന്നെ എറണാകുളവും, തൃശ്ശൂർ, കോട്ടയം ജില്ലകളും അതോടൊപ്പം അണിനിരന്നു. അങ്ങിനെ കർഷക തൊഴിലാളികൾക്കു് ശക്തിയുള്ള സ്ഥലങ്ങളിലെല്ലാം കൂടി ഒന്നരലക്ഷത്തോളം കുടികിടപ്പുകാർ അവരുടെ അവകാശങ്ങൾ സ്ഥാപിച്ചു. കുട്ടനാടൻ പ്രദേശത്തും എറണാകുളം ജില്ലയിലെ പടിഞ്ഞാറൻ പ്രദേശങ്ങളിലും, കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങളും, തൃശ്ശൂർ ജില്ലയിൽ മണലൂർ പ്രധാനമായും മററു മണ്ഡലങ്ങളിൽ ചില പ്രദേശങ്ങളിലും ഈ സമരത്തിൻെറ അലകളിടിച്ചു. കേരളത്തിലെ മററു ജില്ലകളിൽ പലസ്ഥലത്തും ഭാഗീകമായി സമരം നടന്നു. അതുപോലെത്തന്നെ മിച്ചഭൂമി പിടിച്ചെടുക്കുന്ന കാര്യത്തിലും ഈ ക്രമം അനുസരിച്ചുതന്നെ ജില്ലകളും മുന്നിട്ടുനിന്നിട്ടുണ്ടു്. ഈ സമരത്തിൻെറ ഫലമായി കേരളത്തിലാകെ 26 പേരുടെ ജീവൻ ബലിയർപ്പിക്കേണ്ടിവന്നു. അതിൽ പന്ത്രണ്ടു പേർ കർഷക തൊഴിലാളികളാണു്.

| | | |
|---|---|---|
| 1. | മേപ്പാടത്തു് | സ: കുട്ടി |
| 2. | കുന്നുമ്മൽ | സ: ശ്രീധരൻ |
| 3. | ചെറിയനാട്ടു് | സ: ശിവരാമൻ |
| 4. | കളവംകോടത്തു് | സ: തിലകപ്പൻ |
| 5. | കുട്ടമംഗലത്തു് | സ: സഹദേവൻ |
| 6. | പാണ്ടനാട്ടു് | സ: രവി |

| | | |
|---|---|---|
| 7. | ,, | സ: കുഞ്ഞികുഞ്ഞി |
| 8. | പറവൂർ | സ: പൊന്നുനായർ |
| 9. | വിയപുരത്ത് | സ: ഗോപാലൻ |
| 10. | തൃശ്ശൂരിൽ | സ: പൊറിഞ്ചു |
| 11. | പാലക്കാട്ട് | സ: വേലായുധൻ |
| 12. | ,, | സ: വീമ്പൻ |

ഈ 12 വിലപ്പെട്ട ജീവൻ നമുക്കു വിലകൊടുക്കേണ്ടിവന്നു എന്നത് ഒരു ചെറിയ സംഭവമല്ല. ഇവരെല്ലാം കർഷക തൊഴിലാളികളുടെ ഓമന സന്താനങ്ങളായിരുന്നു. ഇരുക്കും, മാംസവും തമ്മിൽ നടന്ന പോരാട്ടത്തിൽ ഈ പന്ത്രണ്ട് രക്തസാക്ഷികൾക്കു പുറമെ ആയിരക്കണക്കായ സഖാക്കളുടെ ആരോഗ്യം നഷ്ടപ്പെടേണ്ടി വന്നിട്ടുണ്ട്. പതിനായിരക്കണക്കിൽസഖാക്കളുടെ പേരിൽ കള്ളകേസുകൾ എടുത്തിട്ടുണ്ട്. ഈ ഭീകരമായ മർദ്ദനസംവിധാനങ്ങളുടെ മുമ്പിലും പതറാതേയും തകരാതേയും നമ്മുടെ സംഘടന ഉറച്ചുനിന്നു എന്നുള്ളതു് ഒരു ചില്ലറ സംഭവമല്ല. നമ്മളുടേതുപോലുള്ള ഒരു പ്രസ്ഥാനത്തിന്നല്ലാതെ അതിൻെറ ശൈശവദശയിൽതന്നെ ഇത്ര ഭീകരമായ ഒരു മർദ്ദനം നേരിട്ടുകൊണ്ട് നിലനില്ക്കാനാവില്ലെന്നുള്ളതു് ആരും സമ്മതിക്കുന്ന ഒരു വസ്തുതയാണ്. ഉരുക്കും, മാംസവും തമ്മിൽ നടന്ന ഈ ഏററുമുട്ടലിൽ തൽക്കാലം മാംസത്തിനൊന്നു് പിന്നോട്ടിറങ്ങേണ്ടിവന്നിട്ടുണ്ടെങ്കിലും ഭാവിയിൽ ഉരുക്കിനെ ഉരുക്കിക്കളയാൻ മാംസത്തിന്നു് ശക്തിയുണ്ട് എന്നതു് നമ്മുടെ പ്രസ്ഥാനത്തിൻെറ നിലനിൽപ്പുതന്നെ തെളിവാണ്.

നാം നമ്മുടെ മുദ്രാവാക്യവുമായി മുന്നോട്ടുപോയപ്പോൾ അതിനെ പുച്ഛിക്കുകയും, പരിഹസിക്കുകയും അടിച്ചമർത്തുകയും ചെയ്തിരുന്ന സർക്കാരിന്നു തന്നെ നാം പറഞ്ഞിരുന്ന കാര്യങ്ങൾ നടപ്പിലാക്കേണ്ടതായിവന്നു. നമ്മുടെ പ്രസ്ഥാനത്തിൻെറ ശക്തിയുടെ ഫലമായിട്ടാണ് ഇപ്പോൾ സർക്കാർതന്നെ ഒഴിപ്പിക്കൽ ഒത്തുതീർപ്പിന്നുവേണ്ടിയും, പട്ടയം

കൊടുക്കാനെന്ന പേരിലും ചില മാമാങ്കങ്ങൾ നടത്തി മനുഷ്യരുടെ കണ്ണിൽ പൊടിയിടാൻ ശ്രമിക്കുന്നതു്. "നിയമം അതിൻെറ വഴിക്കു നടന്നുകൊള്ളു"മെന്നു പറഞ്ഞിരുന്ന സക്കാർതന്നെ ഭൂടമസ്ഥന്മാരും, കുടികിടപ്പുകാരും തമ്മിൽ ഒത്തുതീർപ്പുണ്ടാക്കണമെന്നും നിയമത്തിനെമാത്രം ആശ്രയിച്ചതുകൊണ്ടു് കാര്യമില്ലെന്നും പറഞ്ഞു് ഗ്രാമസേവകന്മാരേയും, റവന്യൂ ഉദ്യോഗസ്ഥന്മാരേയും അയച്ചുകൊണ്ടു് ഒത്തുതീർപ്പുണ്ടാക്കാൻ നടക്കുന്നതു് നമ്മുടെ സമരത്തിൻെറ വിജയമാണെന്നുള്ളതും തക്കമററ സംഗതിയാണു്.

എന്നാൽ സക്കാരിൻെറ ഈ നീക്കത്തിലും, വഞ്ചന ഒളിഞ്ഞുകിടക്കുന്നുണ്ടു് എന്നുള്ളതും നാം കാണാതിരുന്നുകൂടാ. ആ വഞ്ചനയെ തകർക്കാൻ നമുക്കു് കഴിയണമെങ്കിൽ നമ്മുടെ സമരം ഇനിയും ശക്തിപ്പെടുത്തുകയും സംഘടനയും സമരവും ഇല്ലാത്ത സ്ഥലങ്ങളിലേക്കു് വ്യാപിപ്പിക്കേണ്ടതുമുണ്ടു്. എന്നാൽ മാത്രമെ നമ്മുടെ സമരത്തിൻെറ നേട്ടങ്ങളെ ഉറപ്പിക്കാനു, വിപുലപ്പെടുത്തുവാനും സാധിക്കുകയുള്ളു. ഈ നേട്ടങ്ങളെല്ലാം ഉണ്ടായിട്ടുണ്ടെങ്കിലും നമ്മുടെ ദൗർബ്ബല്യങ്ങളെ നാം കാണാതിരുന്നുകൂടാ.

മിച്ചഭൂമി പിടിച്ചെടുക്കുന്നതിനുള്ള സമരം ഇനിയും വേണ്ടത്ര പുരോഗമിച്ചിട്ടില്ല. ഇത്രയേറെ ത്യാഗങ്ങൾ സഹിച്ചുകൊണ്ടു് നാം നേടിയെടുത്ത നേട്ടങ്ങളെ ഇല്ലായ്മചെയ്യുന്നതിനുവേണ്ടി കോടതികൾപോലും രംഗത്തിറങ്ങിക്കഴിഞ്ഞിരിക്കയാണു്. കാർഷിക പരിഷ്ക്കാരഭേദഗതിനിയമത്തിൻെറ ചില വകുപ്പുകൾപോലും അവർ ചോദ്യം ചെയ്തിരിക്കുന്നു. ആരു് ചോദ്യം ചെയ്താലും അതൊന്നും വകവയ്ക്കാതെ നമുക്കു് മുന്നോട്ടു പോകേണ്ടതായിട്ടുണ്ടു്. അതുപോലെതന്നെ നാം ഗവമ്മെണ്ടിലേക്കു് സമർപ്പിച്ചിട്ടുള്ള മെമ്മോറാണ്ഡത്തിലെ താഴെ പറയുന്ന ആവശ്യങ്ങൾ ഇനിയും നേടിയെടുക്കേണ്ടതായിട്ടാണിരിക്കുന്നതു്.

1. ഇന്നുതന്നെ തൊഴിലില്ലായ്മ ഭീകരമായി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന അവസരത്തിൽ ടാക്ടറുകളും ടില്ലറുകളും ഉപയോഗിച്ചുകൊണ്ടു് കൃഷിപണിനടത്തുന്നതിൻെറ ഫലമായി തൊഴിലില്ലായ്മ കൂടുതൽ രൂക്ഷതരമാകുവാൻ പോകുകയാണു്. ഇതു് കൃഷി യന്ത്രവൽക്കരിക്കുന്നതുകൊണ്ടുള്ള എതിർപ്പുകൊണ്ടല്ല. കർഷക തൊഴിലാളികൾക്കു് മററു തൊഴിലുകൾ കണ്ടുപിടിക്കാതിരിക്കുമ്പോൾ ഈ ടാക്ടറുകളും ടില്ലറുകളും ഉപയോഗിക്കുന്നതു് തൊഴിലില്ലായ്മ കൂടുതൽ രൂക്ഷതരമാക്കുമെന്നുള്ളതുകൊണ്ടാണു് നാം അതിനെ എതിക്കുന്നതു്. അതുകൊണ്ടു് മററു തൊഴിലുകൾ കണ്ടുപിടിക്കുന്നതുവരെ ടാക്ടറും, ടില്ലറുകളും ഇറക്കാൻ പാടില്ല.

2. ഗവമ്മേണ്ടു് മിനിമംവേജസ് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും നമ്മുടെ നാടിൻെറ ചില ഭാഗങ്ങളിൽ ഇന്നും അതിനേക്കാൾ എത്രയോ ചുരുങ്ങിയ കൂലിയാണു് ലഭിക്കുന്നതു്. ആണ്ടിൽ ശരാശരി 4ഓ, 5ഓ മാസം മാത്രമാണു് കഷ്ക തൊഴിലാളികൾക്കു് തൊഴിൽ ലഭിക്കുന്നതു്. ഇന്നു് കിട്ടികൊണ്ടിരിക്കുന്ന തുച്ഛമായ കൂലികൊണ്ടു് ജീവിക്കാൻ കഴിയാതെ വളരെ വിഷമിക്കുകയാണു്. ഗവമ്മേണ്ടു് ജീവനക്കാർപോലും കൂടുതൽ ശമ്പളത്തിനുവേണ്ടി പ്രക്ഷോഭണം നടത്തുന്ന ഈ കാലത്തു് കായികാദ്ധ്വാനം ചെയ്യുന്ന കഷ്ക തൊഴിലാളികൾക്കു് പ്രസ്ഥാനം ശക്തിയില്ലാത്ത സ്ഥലങ്ങളിൽ വളരെ തുച്ഛമായ കൂലി മാത്രമാണു് ലഭിക്കുന്നതു്. ഇതു് ഇനി അധികകാലം സഹിക്കാൻ സാദ്ധ്യമല്ല. ചുരുങ്ങിയതു് ഒരു പുരുഷനു് ഒരു ദിവസത്തേക്കു് 7 രൂപായും, ഒരു സ്ത്രീക്കു് 4 രൂപയും കൂലി ലഭിക്കേണ്ടതാണു്.

3. കൊയ്ത്തിന്നു് കട്ടനാടൻ പ്രദേശങ്ങളിൽ ഏഴിലൊന്നു് പതവും, പതത്തിൻെറ നാലിലൊന്നു് തീർപ്പും കിട്ടേണ്ടതുണ്ടു്. മററു പ്രദേശങ്ങളിൽ ആറിലൊന്നു് പതവും ലഭിക്കേണ്ടതാണു്. കൊയ്യുന്ന സ്ഥലത്തിന്നടുത്തുതന്നെ കളമുണ്ടാക്കി അവിടെവെച്ചു് മെതിച്ചു് പതമ്പു് കൊടുക്കണമെന്നുള്ള വ്യവസ്ഥയും നിയമമാക്കേണ്ടതുണ്ടു്. പ

തം ഇന്നു് കിട്ടിക്കൊണ്ടിരിക്കുന്ന സ്ഥലങ്ങളിൽ യാതൊരു കാരണ വശാലും കുറയാൻ പാടുള്ളതല്ല.

4. ഇന്നുള്ള മിച്ചഭൂമി മുഴുവനെടുത്താലും രണ്ടോ, രണ്ടരയോ ലക്ഷം ഏക്കർ മാത്രമേ വരുകയുള്ളു എന്നാണു് അറിയുന്നതു്. അതു പോലെതന്നെ കൈവശമില്ലാത്ത പുറമ്പോക്കു് ഭൂമിയും വളരെ തുച്ഛ മാണു്. അതുകൊണ്ടു് നമ്മുടെ ഫോറസ്റ്റിൽ അധികം കിടക്കുന്ന ഭൂമി വിതരണം ചെയ്യേണ്ടതായിട്ടുണ്ടു്. ഇങ്ങിനെ വിതരണം ചെയ്യു മ്പോഠം ഭൂമിയിലദ്ധ്വാനിക്കാത്തവക്കു് ഭൂമിനൽകുന്നതു് ഒരിക്കലും ന്യായീകരിക്കത്തക്കതല്ല. അതുകൊണ്ടു് ഭൂമി വിതരണം ചെയ്യുമ്പോഠം 90 ശതമാനവും കർഷക തൊഴിലാളികഠംക്കും, അർദ്ധകാർഷികതൊ ഴിലാളികഠംക്കുമായി നീക്കിവെക്കണം.

5. കാഷിക രംഗത്തു് വിവിധ തൊഴിലുകളിലേർപ്പെടുന്ന തൊഴിലാളികഠംക്കു തൊഴിലിന്നിടയിൽ ഉണ്ടാകാവുന്ന അപകടങ്ങ ഠംക്കു നഷ്ടപരിഹാരം നൽകുന്നതിനുവേണ്ടി അഞ്ചേക്കറിനുമുകളിൽ ഭൂമിയുള്ള ഉടമസ്ഥന്മാരിൽനിന്നും ഒരു നിശ്ചിത തുക വഷം തോറും ഈടാക്കുകയും, അത്രയും സംഖ്യ ഗവമ്മേണ്ടു് കൂട്ടിചേക്കുകയും ചെയ്തു കൊണ്ടു് ഒരു കൃാഷ്വലിററി ഫണ്ടു് രൂപീകരിക്കേണ്ടതാണു്.

6. കഷ്ക തൊഴിലാളികളുടെ ഭവനനിമ്മാണത്തിന്നു് ഒരു ദീർഘകാലപദ്ധതി ആസൂത്രണംചെയ്തു് നടപ്പിൽവരുത്തണം. കൊ യ്ത്തുകാലത്തു് വലിയ പാടശേഖരങ്ങളുള്ള സ്ഥലങ്ങളിൽ താല്ക്കാലിക ശിശുസംരക്ഷണ കേന്ദ്രങ്ങളും, മെഡിക്കൽ സൗകര്യങ്ങളും ഏർപ്പെടു ത്തണം.

7. കുട്ടനാടൻ പ്രദേശങ്ങഠം പോലുള്ള കായൽ നിലങ്ങളുടെ വീതിയുള്ള ബണ്ടുകളിൽ ഭൂമിയില്ലാത്ത കഷ്ക തൊഴിലാളികഠംക്കു് വീടുവെച്ചു താമസിക്കുന്നതിനുള്ള സൗകര്യങ്ങഠം ഏപ്പെടുത്തണം.

8. കാഷിക തൊഴിലുപകരണങ്ങഠം വാങ്ങാൻ കാഷിക തൊ ഴിലാളികഠംക്കു് പലിശയില്ലാത്ത വായ്പകഠം നല്കണം.

മേൽ കൊടുത്ത ആവശ്യങ്ങൾ തികച്ചും ന്യായമാണെന്നുള്ളതി ന്നുള്ള ഏററവും നല്ല തെളിവാണ് ഗവമ്മേണ്ടിന്നുതന്നെ അവ അംഗീകരിക്കേണ്ടി വന്നതു്. അതിന്നുവേണ്ടിയാണ് പുതിയ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ ആ ഓർഡിനൻസിന്നകത്ത് പട്ടിൽപൊതിഞ്ഞ വാളുപോലെ ഒളിച്ചുവെച്ചിട്ടുള്ള കരുക്കകൾ കാണാതിരുന്നാൽ നാം തകൻുപോകും. ഒന്നാമതായി ആ ഓർഡിനൻസ് ഇന്നു് പ്രാബല്യത്തിലില്ല. ഗവമ്മേണ്ടു് നിശ്ചയിക്കുന്ന സമയത്തും സ്ഥലത്തും മാത്രം ബാധകമുള്ളവയാണ്. ഓർഡിനൻസ് പേരിന്നു പുറത്തുവിടുകയും എന്നാൽ അതിലെ ആനുകൂല്യങ്ങൾ കിട്ടാതാക്കുകയുമാണ തിൻെറ ഉദ്ദേശം. അതുപോലെത്തന്നെ ഇന്നു ഉയൻ കൂലി കിട്ടുന്നവക്ക് യാതൊരാനുകൂല്യവും കൊടുക്കാതിരിക്കുക കൊയ്ത്തു പാടത്തിൻെറ സമീപത്തുതന്നെ കളം വെയ്ക്കണമെന്നു തറപ്പിച്ചു പറയാത്തതും ഇന്നുള്ള നേട്ടങ്ങളെ തട്ടിക്കളയാനാണ്. ഈ കാൎയ്യത്തിന്നു വേണ്ടിയാണ് കുട്ടനാട്ടു വിയപുരം വെടിവെയ്പും പുല്ലഴിപടവിൽ ലാത്തിച്ചാൎജ്ജും നടന്നതു്. അങ്ങിനെ നേടിയ ആനുകൂല്യംപോലും കൎഷക മുതലാളിമാരുടെ മുമ്പിൽ അടിയറവെയ്ക്കുന്നതിന്നാണ് ഓർഡിനൻസിൽ മിണ്ടാതിരുന്നതു്. വഞ്ചനക്കെതിരായി ശക്തിയായ സമരം നാം സംഘടിപ്പിക്കേണ്ടതുണ്ടു്.

ഇത്രയും ആവശ്യങ്ങൾ നേടിയെടുക്കാൻ നമുക്കു കഴിയണമെങ്കിൽ വളരെ വിപുലവും, ശക്തവുമായ തോതിലുള്ള പ്രക്ഷോഭണം നടത്തിയേ തീരൂ. ഇതു സാധിക്കണമെങ്കിൽ അതിനേററവും ആദ്യമായി വേണ്ട ഒരു പാധികൃത്യവും ചിട്ടയുമായി പ്രവത്തിക്കുന്ന സംഘടനയുടെ ഒരു വലക്കെട്ടു് കേരളത്തിലാകെ ഉണ്ടാക്കുക എന്നതാണ് നിർഭാഗ്യവശാൽ ഇന്നു നമുക്കു് അത്തരം ഒരു സംഘടന ഇല്ല. ഇന്നത്തെ സംഘടന ഒരു പ്രസ്ഥാനത്തിൻെറ രൂപത്തിൽ മാത്രമാണ് നിലനിൽക്കുന്നത്. ഈ കാലഘട്ടത്തിൽ നാം ധാരാളം പ്രക്ഷോഭം നടത്തിയിട്ടുണ്ടെങ്കിലും ഒരു സംഘടനയുടെ രൂപത്തിൽ അതു വന്നിട്ടില്ല ഇന്നും ഒരു പ്രസ്ഥാനത്തിൻെറ പരുവത്തിലാണ് നില്ക്കുന്നതു്.

## സംഘടനയുടെ ഇന്നത്തെസ്ഥിതി

1968ൽ നാം തിരഞ്ഞെടുത്ത സംസ്ഥാന കമ്മററി 14 തവണ യോഗം വിളിച്ചെങ്കിലും ആ യോഗങ്ങളിലൊന്നും തന്നെ പങ്കെടുക്കാത്ത മെമ്പർമാരുണ്ട്. ചിലപ്പോഠം ചിലയാളുകഠം വരും. മററു ചിലപ്പോഠം വേറെ ചിലർ വരും. കൃത്യമായി പങ്കെടുക്കുന്ന മെമ്പർമാർ വളരെ കുറച്ചു മാത്രമെ ഉള്ളു. യോഗത്തിനു് വരാത്തവരോടു് പന്നീടു് കണ്ടുചോദിച്ചാൽ എന്തെങ്കിലും ഒഴിവുകഴിവുകഠം പറയുക എന്നതു് ഒരു സ്വഭാവമായി തീന്നിരിക്കയാണു്. പലപ്പോഴും പലരും പറയുന്ന കാര്യങ്ങഠം ശരിയാണെങ്കിൽപോലും കമ്മററിയിൽ ഹാജരാകാതിരിക്കുന്നതു് ഒരിക്കലും ന്യായീകരിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടു് അത്തരം മെമ്പർമാർ മേലിലെങ്കിലും അവർക്കു കഴിയാത്ത പണി ഏറെറടുക്കാതിരിക്കണം. അവരെ ഏല്പിക്കാതിരിക്കാനും നാം ശ്രദ്ധിക്കണം.

കമ്മററിയിലെടുക്കുന്നവർ അവരുടെ സമയത്തിൻെറ ഭൂരിപക്ഷവും ഇതിനുവേണ്ടി ചിലവഴിക്കുന്നവരായിരിക്കണം. അല്ലാതെ മററു പല ജോലികളുമെടുക്കുന്നതിനിടയിൽ ഒരു സൈഡ്വക്ക് എന്ന നിലക്കു് മാത്രം കണ്ടുന്നവരെ ഈ കമ്മററിയിൽനിന്നു് ഒഴിവാക്കണം. അലങ്കാരത്തിനുവേണ്ടി ആരും കമ്മററിയിലിരിക്കേണ്ട ആവശ്യമില്ല.

സംസ്ഥാന കമ്മററിക്കു് ചിട്ടയായി പ്രവത്തിക്കുന്ന ഒരു കേന്ദ്ര ആഫീസും അതു പ്രവത്തിക്കാനുള്ള ഫണ്ടും അത്യാവശ്യമാണു്. അതുപോലെതന്നെ കേന്ദ്രആഫീസ് നിത്യവും തുറന്നു പ്രവത്തിക്കുന്നതിനു ഒരു ആഫീസ് സെക്രട്ടറിയും മുഴുവൻ സമയവും പ്രവത്തിക്കുന്ന നാലോ, അഞ്ചോ ഭാരവാഹികളും ഉണ്ടായിരിക്കേണ്ടതാണു്. നിർഭാഗ്യവശാൽ ഇന്നു് ഇതൊന്നുംതന്നെ ഇല്ല.

ജില്ലാസംഘടനകളുടെ സ്ഥിതി ഇതിനേക്കാഠം ദയനീയമാണു്. പല ജില്ലാ കമ്മററികളിലും ഈ രംഗത്തു കേന്ദ്രീകരിച്ചു് പ്രവത്തിക്കു

ന്ന ഒരു ഭാരവാഹിപോലുമില്ല. ആലപ്പുഴ, തൃശ്ശൂർ ജില്ലകഠം മാത്രം ഇതിൽനിന്നും വ്യത്യസ്തമാണെന്നാണ് തോന്നുന്നത്. മറെറല്ലാ ജില്ല കളുടേയും സ്ഥിതി ഏതാണ്ടൊന്നുതന്നെയാണ്.

ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്ട്, കോട്ടയം എന്നീ ജില്ലകളിൽ ശക്തിയായ പ്രസ്ഥാനങ്ങളുണ്ട്. പലേ സമരങ്ങളും അവിടങ്ങളിൽ നടക്കുന്നുണ്ട്. അവയിലെല്ലാം നമ്മുടെ സഖാക്കഠം ക്കിടപെടേണ്ടിവരികയും ചെയ്യുന്നുണ്ട്. മിക്ക സ്ഥലങ്ങളിലും വി ജയിക്കുന്നുമുണ്ട്. ചില ജില്ലാക്കമ്മററി പ്രസിഡണ്ടുമാരും മണ്ഡലം കമ്മററി പ്രസിഡണ്ടുമാരും കാഷിക തൊഴിലാളികളുടെ താല്പര്യങ്ങളും ആവശ്യങ്ങളും എന്താണെന്നുപോലും അറിയാത്തവരും പഠിക്കാത്തവ രുമുണ്ട്. അലങ്കാരത്തിനുവേണ്ടി സ്ഥാനങ്ങഠം അലങ്കരിക്കുന്ന ധാരാ ളം ഉദാഹരണങ്ങളുണ്ട്. കമ്മററികഠം പലതും കൂടാറില്ല. പലപ്പോ ഴും പാട്ടി കമ്മററികഠംകൂടി തീരുമാനങ്ങളെടുക്കും. അവ പലപ്പോഴും കാർഷിക തൊഴിലാളികളുടെ താല്പര്യങ്ങഠംക്ക് എതിരായിവരാറുണ്ട് ബോധപൂവ്വമല്ല. കാരണം കർഷിക തൊഴിലാളികളുമായി നിരന്ത രബന്ധമില്ലാത്തതുകൊണ്ടാണ് ഇത്തരം തെററുകഠം സംഭവിക്കുന്നതു്.

ഈ നില അടിയന്തിരമായും മാററിരയ തീരു. സ്റ്റേററ് കമ്മ ററിയേക്കാളധികം നിരന്തരമായി പ്രശ്നങ്ങളിൽ ഇടപെടേണ്ടിവരുന്ന ഒരു ഘടകമാണ് ജില്ലാ കമ്മററി. സംഘടന വന്നുകഴിഞ്ഞാൽ നി ത്യേനയെന്നോണം പ്രശ്നങ്ങളുണ്ടാവും. പ്രശ്നങ്ങളുമായി പ്രാദേശിക പ്രവത്തകന്മാർ ഓടിവരുമ്പോഠം നേതൃത്വത്തിനെവിടെ പോകണമെ ന്നറിയാതെ നിരാശരായി മടങ്ങി പോകേണ്ടിവരുന്ന ധാരാളം അനു ഭവങ്ങളുണ്ട്. ഇതിന്റെ ഫലമായി ഉശിരന്മാരായ പലേ പ്രവത്ത കന്മാരും നിരാശരായി നിജ്ജീവമായിതീരുന്നു. പ്രവത്തനം തളന്നു പോകുന്നു.

ഈ ദുഃസ്ഥിതി മാറണമെങ്കിൽ ജില്ലകഠംതോറും കൃത്യമായി തുറന്നു പ്രവത്തിയ്ക്കുന്ന ഓഫീസുകഠം ഉണ്ടായിരിക്കണം. ഏതു സമ

യത്തു ചെന്നാലും പ്രശ്നങ്ങൾക്ക് പരിഹാരം കാണത്തക്ക നിലയിൽ നേതൃത്വം ഈ ഓഫീസുകളിൽനിന്നു ലഭിക്കുകയും വേണം. അതിന്നു് ഈ രംഗത്തു് മുഴുവൻ സമയവും പ്രവർത്തിക്കുന്ന ഒന്നോ രണ്ടോ പ്രവർത്തകന്മാർ കൂടിയേ കഴിയൂ.

പ്രാദേശിക യൂണിയനുകൾ ചിട്ടയായി പ്രവർത്തിക്കുന്നുണ്ടെന്നു് പറയാനാവില്ല; മെമ്പർഷിപ്പ് കൃത്യമായി പിരിച്ചു് മേലോട്ടടുക്കുന്നതിൽ അശ്രദ്ധയാണുള്ളതു്. മെമ്പർഷിപ്പിന്റെ റജിസ്റ്റർ സൂക്ഷിക്കുന്ന കമ്മററികൾ വളരെ കുറവാണു്. മേലോട്ടു് യാതൊരു വിവരങ്ങളും കൃത്യമായയക്കാറുമില്ല. ഈ രീതി അടിയന്തിരമായും മാററിയേതീരൂ. പ്രസ്ഥാനമെന്നതിൽനിന്നു് സംഘടിത പ്രസ്ഥാനമാവാൻ പരിശ്രമിക്കുന്ന ഈയവസരത്തിൽ അടി മുതൽ മുടി വരെ കോർത്തിണക്കിയ പ്രവർത്തനം സംഘടിപ്പിക്കേണ്ടതിന്റെ പ്രധാന്യം ഉൾക്കൊണ്ടു് ഇന്നുള്ള ദൌർബ്ബല്യങ്ങൾ തീർത്തേ തീരൂ.

ഇപ്പോൾ ഒരേകീകൃത രൂപത്തിൽ മെമ്പർഷിപ്പ് പിരിക്കുന്ന സമ്പ്രദായമില്ല പല ജില്ലകളിലും പല രീതിയിലാണു് മെമ്പർഷിപ്പ് പിരിക്കുന്നതു്. സ്റ്റേററിലാകെ ഒരേരീതിയിൽ മെമ്പർഷിപ്പ് പിരിക്കേണ്ടതുണ്ടു്. ഒരു വർഷത്തിൽ രണ്ടു ഗഡുക്കളായി മൂന്നുരൂപ തോതിൽ മെമ്പർഷിപ്പ് പിരിക്കണം. 50 പൈസ സ്റ്റേററു് കമ്മററിക്കും 50 പൈസ ജില്ലാകമ്മററിക്കും ഒരു രൂപ താലൂക്കു് അല്ലെങ്കിൽ മണ്ഡലം കമ്മററിക്കും ഒരു രൂപ പ്രാദേശിക കമ്മററിക്കുമായി വിഹിതം നിശ്ചയിക്കാവുന്നതാണു്. പണിക്കാലത്തു് നടക്കുന്ന സമരത്തോടൊപ്പം തന്നെ മെമ്പർഷിപ്പും നടക്കണം. സമരവും സംഘടനയും ഒന്നിച്ചു പോകണമെങ്കിൽ ഇതു് കൂടിയേതീരൂ. സമരമുണ്ടാകുമ്പോൾ മെമ്പർഷിപ്പ് ഉണ്ടാകാതിരിക്കുന്നതു് ഒരിക്കലും അനുവദിക്കാൻ വയ്യ. അതുപോലെതന്നെ സംഘടനക്കാവശ്യമായ സംഖ്യ സംഭാവന പിരിച്ചെടുക്കുകയും വേണം, ആവശ്യാനുസരണം ഫണ്ടുകൾ പിരിച്ചു് നമ്മുടെ പ്രവർത്തനങ്ങൾ നടത്തത്തക്ക ശേഷിയാർജ്ജിക്കേണ്ടതുണ്ടു്.

എല്ലാ പ്രശ്നങ്ങളും നേരിട്ടിടപെടുന്നതു് പ്രാദേശിക യൂണിയനുകളാണു് എന്നുള്ളതുകൊണ്ടു് ആഴ്ചയിലൊരിക്കലെങ്കിലും പ്രാദേശിക കമ്മററികാം യോഗംചേൎന്നു് നിലവിലുള്ള പ്രശ്നങ്ങളും ഉയൎത്തിയെടുക്കേണ്ട പ്രശ്നങ്ങളും പൎയ്യാലോചിച്ചു് വ്യക്തിപരമായും കൂട്ടായുമുള്ള ചുമതലകാം നിശ്ചിച്ചു് പ്രവൎത്തനരംഗത്തിറങ്ങണം. ഓരോ യോഗത്തിലും മുൻപു് നിശ്ചയിച്ച പ്രവൎത്തനങ്ങാം എത്രയെത്ര നടന്നു. ബാക്കി നടക്കാനെത്രയുണ്ടു്? നിശ്ചയിച്ചകാൎയ്യങ്ങാം നടക്കാതിരിക്കാനുള്ള കാരണമെന്തു്? എന്നിവ പരിശോധിച്ചു് തീരുമാനങ്ങാം എടുക്കുകയും വേണം. മാസംതോറുമെങ്കിലും കൃത്യമായി കണക്കുകാം വെക്കുകയും ചൎച്ചചെയ്തു് അംഗീകരിക്കുകയും വേണം. ഇങ്ങിനെയുള്ള യോഗ തീരുമാനങ്ങാം കണിശമായും മേൽ കമ്മററികാം വീഴ്ചകൂടാതെ അയച്ചുകൊടുക്കണം.

അതുപോലെത്തന്നെ ചിലേടത്തു് ടേഡു് യൂണിയൻ നിയമമനുസരിച്ചു് റജിസ്റ്റു്ചെയ്തവയും മററു സ്ഥലങ്ങളിൽ കൎഷക സംഘം പോലെ റജിസ്റ്റു് ചെയ്യാത്തവയും നിലനില്ക്കുന്നു. ഇതിലും ഒരേകീകരണം വഴിയേ കൊണ്ടുവരേണ്ടതായിട്ടുണ്ടു്.

മറെറാരു സംഗതി നമുക്കു് ഇന്നു് ഒരഖിലേന്ത്യാ സംഘടനയില്ല. നമ്മുടെ സംഘടന അഖിലേന്ത്യ തലത്തിൽ കിസാൻസഭയോടോ ടേഡു യൂണിയനോടോ അഫിലിയേററു് ചെയ്യേണ്ടതെന്നതിനെപ്പററി ഒരു അഭിപ്രായം രൂപീകരിക്കേണ്ടതുണ്ടു്. ഇക്കാൎയ്യംകൂടി പ്രതിനിധി സഖാക്കാം പരിഗണിക്കണമെന്നു് ഞങ്ങാം അഭ്യൎത്ഥിക്കുന്നു.

സഖാക്കളെ,

ഈ റിപ്പോൎട്ടിൽ തൃപ്തികരമായവിധം എല്ലാ കാൎയ്യങ്ങളും വിശദമായി പരിശോധിക്കാനോ ആവശ്യമായ നിഗമനങ്ങളിൽ എത്തിച്ചേരാനോ പല കാരണങ്ങളാലും കഴിയാതെ പോയരിക്കുകയാണു് നമ്മുടെ സംഘടന രൂപം കൊണ്ടതിനു്ശേഷം കേരളത്തിലെല്ലായിട

4012



ത്തും ഒരു പ്രസ്ഥാനമെന്ന പ്രവർത്തനം നടന്നതിന്റെ നേട്ടങ്ങൾ മാത്രമാണുണ്ടായിട്ടുള്ളത്. ഇന്നുള്ള പ്രസ്ഥാനത്തെ സംഘടിപ്പിക്കുകയെന്നുള്ളതും ശ്രമകരമായ ഒരു പ്രവർത്തനമാണ്. ഈ കാലഘട്ടത്തിന്റെ പ്രത്യേകതകൾക്കനുയോജ്യമായ കടമകൾ നിർവ്വഹിക്കുന്നതിന് മനക്കരുത്തോടുകൂടി സംഘടിത പ്രവർത്തനം നടത്താനും അവകാശങ്ങൾ നേടിയെടുക്കാനും മുന്നോട്ട് വരേണ്ടതുണ്ട്. വിമർശനം–സ്വയം വിമർശനപരമായ ചർച്ചകളിലൂടെ ഈ റിപ്പോർട്ട് സംപുഷ്ടമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഉപസംഹരിച്ചുകൊള്ളുന്നു.

അഭിവാദ്യങ്ങളോടെ,

പാലക്കാട്,
5–5–1970

**എ. വി. ആര്യൻ,**
(ജന: സെക്രട്ടറി)

PG Library & Research Center

**വില 10 പൈസ.**

കുമാർ പ്രിന്റിംഗ് വർക്സ്, കാനാട്ടുകര, തൃശ്ശൂർ–4.

# കേരള സ്റ്റേററ് കർഷക തൊഴിലാളി യൂണിയന്റെ ഒന്നാം വാർഷിക സമ്മേളനത്തിൽ സ്റ്റേററ് കമ്മററി സമർപ്പിക്കുന്ന

# പ്രവർത്തന റിപ്പോർട്ട്

PC Library & Research Centre
4012

കേരള സ്റ്റേററ് കർഷക തൊഴിലാളി യൂണിയൻ

## ഒന്നാം വാർഷിക സമ്മേളനം

331.80954

★

1970 മേയ് 5, 6 തിയ്യതികളിൽ

പാലക്കാട്